
(c) https://welikeindianmuslims.blogspot.in



# ദൈവത്തിന്റെ പാട്ടുകാരൻ

എരഞ്ഞോളി മൂസ/
കെ. അബൂബക്കർ

മൂസക്ക മാപ്പിളപ്പാട്ടുകാരനായത് എങ്ങനെയാണെന്ന് അറിയാൻ താത്പര്യമുണ്ട്. ആശാരി വാസു, നൈസാം ഭരതൻ തുടങ്ങിയവരാണ് കളിക്കൂട്ടുകാർ. നാടകവും നാടകഗാനങ്ങളുമൊക്കെയായി നടക്കുന്ന എരഞ്ഞോളി ഗ്രാമീണ കലാസമിതിയാണ് പാട്ടുപരിശീലിക്കാനും പൊതുവേദികളിൽ പാടാനും ആദ്യമായി അവസരം നൽകുന്നത്. ഇവരുടെയൊന്നും ആദ്യപരിഗണന മാപ്പിളപ്പാട്ടാകാൻ സാധ്യതയില്ല. നാടൻപാട്ടുകളോ നാടകഗാനങ്ങളോ ലളിതഗാനങ്ങളോ സിനിമാഗാനങ്ങളോ മറ്റോ ആകാനായിരുന്നു വഴി. ഇതിനിടയിൽ എങ്ങനെയാണു മാപ്പിളപ്പാട്ടിൽ എത്തിപ്പെടുന്നത്.

എന്റെ കുട്ടിക്കാലത്ത് ഇവിടെ മാപ്പിളപ്പാട്ടുണ്ട്. പക്ഷേ അത് വീടുകളിലാണു നിലനിന്നിരുന്നത്, പ്രത്യേകിച്ചും സ്ത്രീകൾക്കിടയിൽ. അറുപതുകൊല്ലത്തിനപ്പുറമുള്ള കാര്യമാണു ഞാൻ പറയുന്നത്. സ്ത്രീകൾ സബീനപ്പാട്ടുകൾ പാടും. ഒരു അനുഷ്ഠാനം എന്ന നി

(c) https://welikeindianmuslims.blogspot.in



(c) https://welikeindianmuslims.blogspot.in

ലയിൽ എന്റെ ഉമ്മയും അതു പാടുമായിരുന്നു. വലിയ അടിസ്ഥാനമൊന്നുമില്ലാത്ത പാട്ടുകളുമുണ്ടായിരുന്നു. പലതും കെട്ടുകഥകളായിരുന്നു. പക്ഷിപ്പാട്ടും കുപ്പിപ്പാട്ടുമൊക്കെ അത്തരത്തിൽ പെട്ടവയാണ്. അതിലെ കഥാപാത്രങ്ങളെക്കുറിച്ചൊക്കെ ആലോചിച്ചാൽ തന്നെ ബേജാറായിപ്പോകും. ആൾക്കാരെ വഴിതെറ്റിക്കാനായി ആരോ ബോധപൂർവം കെട്ടിയുണ്ടാക്കിയതാണോ എന്നുപോലും ഞാൻ ആലോചിച്ചിട്ടുണ്ട്. അത്രത്തോളം ചരിത്രവുമായി ബന്ധമില്ലാത്ത കെട്ടുകഥകളായിരുന്നു അവ. എങ്കിലും അവയ്ക്കു ഭക്തിയുണ്ടാക്കാൻ കഴിഞ്ഞിരുന്നു. അത്തരം പാട്ടുകൾ അടുത്തകാലംവരെ സ്ത്രീകൾ വീടുകളിൽ പാടിയിരുന്നു. ഇപ്പോ അതില്ല. അറബിമലയാളത്തിലാണ് അത്തരം പാട്ടുകൾ അച്ചടിച്ചിരുന്നത്. ഇന്ന് അത് വായിക്കാൻ അറിയാവുന്നവർ തന്നെ വളരെ കുറവാണ്. ഇല്ല എന്നുതന്നെ പറയാം. ആ ഭാഷാരൂപത്തിൽ പാട്ടുപുസ്തകങ്ങൾ ഇന്ന് അച്ചടിക്കുന്നുമില്ല. അതുകൊണ്ടു സംഭവിച്ചത് എന്താണെന്നുവെച്ചാൽ തനതുമാപ്പിളപ്പാട്ടിനോടുള്ള താത്പര്യം സ്ത്രീകളിൽ നിന്നു വിട്ടുപോയി. അങ്ങനെ പരമ്പരാഗതരീതിയിലുള്ള മാപ്പിളപ്പാട്ടുകൾ നമുക്കിടയിൽ നിന്നു മാഞ്ഞുപോകുന്ന നേരത്ത് അതിനെ പിടിച്ചുനിർത്തിയ ഒരാൾ എസ്.എം.കോയക്കയാണ്. ആലിക്കുട്ടിക്കുരിക്കളാണ് മറ്റൊരാൾ. അവരാണു തനിമയുള്ള മാപ്പിളപ്പാട്ടിനു യാതൊരു ക്ഷീണവും പറ്റാതെ കാത്തത്. എസ്.എം.കോയക്ക നല്ല രചയിതാവുകൂടിയാണ്. മാപ്പിളപ്പാട്ടിന്റെ ചിട്ടകളിൽ നിന്നു ഒട്ടും മാറാത്ത രചനകളാണ് അദ്ദേഹത്തിന്റേത്. അക്കാലത്ത് പാട്ടുപഠിക്കാൻ കിട്ടിയ ഒരേയൊരു വഴി അദ്ദേഹത്തിന്റെ ഗ്രാമഫോൺ റിക്കാർഡുകളാണ്. അതാകട്ടെ വലിയ തറവാടുകളിൽ മാത്രമാണുണ്ടായിരുന്നത്. അതിനടുത്തുകൂടെ പോകാൻപോലും കഴിയുമായിരുന്നില്ല. ജനൽപഴുതിലൂടെയും മറ്റും ഒളിഞ്ഞുനിന്ന് കേട്ടാണ് ഞാൻ പാട്ടുകൾ പഠിച്ചത്.

**?** *വടക്കൻപാട്ടുകളും നാടൻപാട്ടുകളും ലളിതഗാനങ്ങളും പഠിക്കുകയും പരിശീലിക്കുകയും പാടുകയും ചെയ്യുന്നവർക്കൊപ്പമാണു സഹവാസം. ആ ബന്ധങ്ങൾ തുടരുമ്പോൾ തന്നെ മാപ്പിളപ്പാട്ടിനോടു കമ്പമുണ്ടാകാൻ കാരണമായത് എസ്.എം.കോയക്കാന്റെ ഗ്രാമഫോൺ റിക്കാർഡുകളാണ് എന്നു പറയുന്നതു മനസ്സിലാക്കാം. മാപ്പിളപ്പാട്ടിനു പാകമായ സഹജസിദ്ധിയുള്ളവരിൽ അങ്ങനെ സംഭവിക്കുന്നതിൽ അത്ഭുതമൊന്നുമില്ല. അതുപോലെയല്ലല്ലോ വല്ലപ്പോഴും മാത്രം കേൾക്കാൻ കഴിയുന്ന റിക്കാർഡുകൾ കേട്ടാണു പാട്ടു പഠിച്ചത് എന്നു പറയുന്നത്.*

കേട്ടു തന്നെ പഠിക്കണം. അതേ നിവൃത്തിയുണ്ടായിരുന്നുള്ളൂ. സ്കൂളിൽ പോയിട്ടില്ല എന്നു പറഞ്ഞുകൂടാ. ഒന്നാം ക്ലാസു വരെ പോയിട്ടുണ്ട്. സ്കൂളിൽ ചെന്നാൽ, ക്ലാസിൽ വരാത്ത മടിയൻമാരെ പിടിച്ചുകൊണ്ടു ചെല്ലാൻ പറഞ്ഞയക്കുമായിരുന്നു ഞങ്ങളുടെ മാഷ്. അങ്ങനെ മുങ്ങിനടക്കുന്ന ഒന്നുരണ്ടെണ്ണത്തിനെ പിടിച്ചുകൊണ്ടുകൊടുത്താൽ എന്റെ പഠിപ്പു കഴിഞ്ഞു. പിന്നെ മാങ്ങ പറിക്കാനോ മീൻ പിടിക്കാനോ പോകും. പട്ടിണിയായിരുന്നു. പതിനൊന്നാമത്തെ വയസ്സിൽ പഠിപ്പു നിർത്തി പണിക്കുപോയിത്തുടങ്ങി. കോത്തപ്പാറ കരിങ്കൽകോറിയിൽ ജില്ലിപൊട്ടിക്കാൻ പോയാൽ നാലണ കിട്ടുമായിരുന്നു. അതിനാൽ എഴുത്തും വായനയുമൊന്നും പഠിച്ചില്ല. എഴുത്തും വായനയുമുണ്ടെങ്കിലല്ലേ മാപ്പിളപ്പാട്ടുകൾ എഴുതിയെടുത്ത് വായിച്ചുപഠിക്കാൻ കഴിയുമായിരുന്നുള്ളൂ. കേട്ടുപഠിക്കുകയായിരുന്നു പിന്നെയുള്ള വഴി. എസ്.എം.കോയക്കാന്റെ പാട്ടുകൾ എന്നെ വല്ലാതെ ആകർഷിച്ചു. അതാണെന്നെ മാപ്പിളപ്പാട്ടുകാരനാക്കിയത്. ഗ്രാമഫോൺ റിക്കാർഡുകളിൽ ഏറ്റവും കൂടുതൽ മാപ്പിളപ്പാട്ടുകൾ പാടിയതു കോയക്കയാണ്. അതിങ്ങനെ കേട്ടു പഠിച്ചാണു ഞാൻ മാപ്പിളപ്പാട്ടുകാരനായത്. അത്രയ്ക്കു മൗലികതയുള്ള മാപ്പിളപ്പാട്ടുകാരൻ വേറെയില്ല എന്നാണെന്റെ വിശ്വാസം. ഖിയാമംനാളുവരെ ഇനിയുണ്ടാകാനും പോകുന്നില്ല. ഇന്നിപ്പോൾ സംഗീതമൊക്കെ പഠിച്ച വലിയ വലിയ മാപ്പിളപ്പാട്ടുകാരോട് എസ്.എം.കോയക്കാനെ കുറിച്ചു പറഞ്ഞാൽ അയാൾ ആരാണെന്നു ചോദിച്ചേക്കാം. എന്നാലും അദ്ദേഹമാണെന്റെ ഗുരു. ദൂരെ നിന്ന്, പെട്ടിപ്പാട്ടു വഴി എന്നെ മാപ്പിളപ്പാട്ടിനോടു കമ്പമുള്ളവനാക്കി മാറ്റുകയും മാപ്പിളപ്പാട്ടുകാരനാക്കുകയും ചെയ്ത ഗുരു.

**കേട്ടുതന്നെ പഠിക്കണം. അതേ നിവൃത്തിയുണ്ടായിരുന്നുള്ളൂ. സ്കൂളിൽ പോയിട്ടില്ല എന്നു പറഞ്ഞുകൂടാ. ഒന്നാം ക്ലാസു വരെ പോയിട്ടുണ്ട്. സ്കൂളിൽ ചെന്നാൽ, ക്ലാസിൽ വരാത്ത മടിയൻമാരെ പിടിച്ചുകൊണ്ടു ചെല്ലാൻ പറഞ്ഞയക്കുമായിരുന്നു ഞങ്ങളുടെ മാഷ്. അങ്ങനെ മുങ്ങിനടക്കുന്ന ഒന്നുരണ്ടെണ്ണത്തിനെ പിടിച്ചുകൊണ്ടുകൊടുത്താൽ എന്റെ പഠിപ്പു കഴിഞ്ഞു.**

**?** *ആദ്യമായി പാടിയ പൊതുവേദി ഓർമയുണ്ടോ? ഏതു പാട്ടാണു പാടിയത്*

മാപ്പിളപ്പാട്ടു തന്നെയാണു ഞാൻ ഒരു പൊതുവേദിയിൽ ആദ്യമായി പാടിയത്. എരഞ്ഞോളിയിൽ തന്നെ അരങ്ങേറ്റുപറമ്പ് എന്നു പേരുള്ള ഒരു സ്ഥലമുണ്ട്. അവിടെ ഒരു മഠമുണ്ട്. ശ്രീനാരായണമഠം. ഇപ്പോഴും അതവിടെയുണ്ട്. ശ്രീനാരായണജയന്തി ആഘോഷത്തോടനുബന്ധിച്ച് അവിടെ ഒരു ഗാനമേള നടക്കുന്നു. എരഞ്ഞോളി ഗ്രാമീണ കലാസമിതിയാണു ഗാനമേള നടത്തുന്നത്. അവിടെ പാട്ടു പ്രാക്ടീസുചെയ്തുകൊണ്ടിരിക്കുന്ന ഒരു ചെറിയകുട്ടിയാണു ഞാൻ. ആ ദേശത്തുള്ളവർ മുഴുവൻ അവിടെയുണ്ട്. കോമ്പൗണ്ടിനുള്ളിൽ തന്നെയാണു പരിപാടി. വയലിനും ഫ്ളൂട്ടുമടക്കമുള്ള ഓർക്കസ്ട്ര. കലാസമിതിക്കാർ ഒരു പാട്ട് എന്നെക്കൊണ്ടും പാടിച്ചു. ഒന്നേ പാടിച്ചുള്ളൂ. ഓർക്കസ്ട്രയോടുകൂടി, പൊതുവേദിയിൽ വെച്ച്, മൈക്കിൽ, ആദ്യമായി ഒരു പാട്ടുപാടുകയാണ്. ആ പാട്ട് ഒരു മാപ്പിളപ്പാട്ടായിരുന്നു. എസ്.എം.കോയക്കാന്റെ പാട്ടുതന്നെ. '... രിമുല്ലപ്പൂ മണം നല്ലോളേ, അഴകിലേറ്റം ഗു... ള്ളോളേ' എന്ന് തുടങ്ങുന്ന പാട്ട്. ആ വേദിയിൽ ...

(c) https://welikeindianmuslims.blogspot.in



എരഞ്ഞോളി മൂസ

ൻ മാത്രമേ മാപ്പിളപ്പാട്ട് പാടിയിരുന്നുള്ളൂ. ലളിതഗാനങ്ങളും നാടകഗാനങ്ങളുമൊക്കെയാണു മറ്റുള്ളവർ പാടിയത്. സിനിമാപാട്ട് അന്നു വളരെ കുറവാണ്. എന്റെ പാട്ട് എല്ലാർക്കും ഇഷ്ടായി. നാട്ടുകാർ വല്ലാതെ സപ്പോർട്ടുചെയ്തു. 'നല്ല ശബ്ദമാണ്' എന്നൊക്കെ പറയാൻ തുടങ്ങി. അങ്ങനെയാണ് മാപ്പിളപ്പാട്ടിലേക്ക് ഞാനങ്ങിറങ്ങിയത്.

? *അരങ്ങേറ്റു പറമ്പിൽ വെച്ച് മൂസക്കാന്റെ അരങ്ങേറ്റം നടക്കുന്നു. അങ്ങനെ നാട്ടുകാരുടെ അംഗീകാരമുള്ള പാട്ടുകാരനാകുന്നു. ഇതുപോലെ മേൽവിലാസമുണ്ടാക്കിത്തന്ന പിന്നത്തെ പരിപാടി ഏതാണ്*

ഗ്രാമീണ കലാസമിതിക്കാർ കമ്യൂണിസ്റ്റുകാരുടെ പരിപാടിയാണ് അധികവും ഏറ്റെടുക്കുക. വിരാജ്പേട്ടയിൽ കമ്യൂണിസ്റ്റു പാർട്ടിയുടെ എന്തോ പരിപാടി നടക്കുന്നു. അവിടെ നാടകം അവതരിപ്പിക്കാൻ സമിതിക്കാർക്കു ക്ഷണം കിട്ടി. മഠത്തിലെ പരിപാടിക്കു പാടിയ അനുഭവം വെച്ച് എന്നെയും കൊണ്ടുപോകാൻ അവർ തീരുമാനിച്ചു. കമ്മിറ്റിക്കാർ വീട്ടിൽ വന്ന് ഉമ്മയോടു സമ്മതമൊക്കെ വാങ്ങി. പെൺശബ്ദത്തിൽ നാടകത്തിൽ പാടാനാണ് എന്നെ കൂട്ടിക്കൊണ്ടുപോയത്. അതിനു ശേഷം 'വിരാജ്പേട്ടയിൽ പോയി പാടിയ ചെക്കൻ' എന്നതായി എന്നെ കുറിച്ചുള്ള വർത്തമാനം.

? *ഒരു പാട്ടുകാരന്റെ മേൽവിലാസം സമ്മാനിച്ചത് എരഞ്ഞോളി ഗ്രാമീണ കലാസമിതിയാണ്. ഒരു മാപ്പിളപ്പാട്ടു പാടിക്കുകയും ചെയ്തു. നാടകവുമായി നടക്കുന്ന ആ സമിതിക്ക് അതിലപ്പുറം ഒരു മാപ്പിളപ്പാട്ടുകാരനെ സഹായിക്കാനാകുമായിരുന്നില്ല. മൂസക്കാക്കാകട്ടെ, മാപ്പിളപ്പാട്ടല്ലാത്ത ഒരു ലോകവുമില്ല താനും. സംഗീതത്തിലെ സ്വന്തം കഴിവുകൾക്കും പരിമിതികൾക്കും അഭിരുചിക്കും പാകമായ ഒരു സംഘത്തിൽ എത്തിപ്പെടുന്നത്*

കോട്ടപ്പാറ കരിങ്കൽകോറിയിലെ ജില്ലി പൊട്ടിക്കുന്ന പണി നിർത്തി ഞാൻ യുടിസി തീപ്പെട്ടിക്കമ്പനിയിൽ പണിക്കുപോയിരുന്നു. അതുമൊഴിവാക്കി പോയത് തലശ്ശേരി ടൗണിൽ ചുമടെടുക്കുന്ന തൊഴിലിനാണ്. അക്കാലത്താണു ടെലിച്ചറി മ്യൂസിക് ക്ലബ്ബുമായി അടുക്കാൻ കഴിയുന്നത്. എരഞ്ഞോളി ഗ്രാമീണ കലാസമിതിയുടേതിനേക്കാൾ ആകർഷകമായിരുന്നു അവരുടെ ഓർക്കസ്ട്ര. വയലിനും മറ്റുമൊക്കെയുള്ള ഫുൾ ഓർക്കസ്ട്ര. പി.കെ അബൂ

**മാപ്പിളപ്പാട്ടു തന്നെയാണു ഞാൻ ഒരു പൊതുവേദിയിൽ ആദ്യമായി പാടിയത്. എരഞ്ഞോളിയിൽ തന്നെ അരങ്ങേറ്റുപറമ്പ് എന്നു പേരുള്ള ഒരു സ്ഥലമുണ്ട്. അവിടെ ഒരു മഠമുണ്ട്. ശ്രീനാരായണ മഠം. ഇപ്പോഴും അതവിടെയുണ്ട്. ശ്രീനാരായണജയന്തി ആഘോഷത്തോടനുബന്ധിച്ച് അവിടെ ഒരു ഗാനമേള നടക്കുന്നു. എരഞ്ഞോളി ഗ്രാമീണ കലാസമിതിയാണു ഗാനമേള നടത്തുന്നത്.**

(c) https://welikeindianmuslims.blogspot.in

ട്ടിയായിരുന്നു നടത്തിപ്പുകാരൻ. നല്ല കഴിവുള്ള ഒരു ആർട്ടിസ്റ്റാണ് അയാൾ. വലിയ കുരുമുളകു കച്ചവടക്കാരനായിരുന്നു. അതിലേറെ സംഗീതപ്രേമിയും. ഒട്ടുമിക്ക ഉപകരണങ്ങളും നന്നായി വായിക്കാൻ കഴിയും. അതുകൊണ്ട് ടെലിച്ചെറി മ്യൂസിക് ക്ലബ്ബ് നന്നായി നടന്നിരുന്നു. ക്ലബ്ബു ക്ഷയിച്ചുപോയി. അബൂട്ടിക്ക ഇപ്പോഴുമുണ്ട്. ആ ക്ലബ്ബാണു മാപ്പിളപ്പാട്ടുകാരനായിത്തീരാൻ എനിക്ക് വഴിയൊരുക്കിത്തന്നത്.

*❓ കാസറ്റുകളോ സിഡികളോ ഒന്നും പ്രചാരത്തിലില്ലാത്ത കാലമാണല്ലോ അത്. ഗാനമേള ഉപജീവനോപാധിയായി കൊണ്ടുനടക്കാവുന്ന സാഹചര്യം വന്നിട്ടുമില്ല. ആകാശവാണിയാണ് അന്നത്തെ കലാകാരൻമാരുടെ സ്വപ്നം. എ.ഐ.ആർ ആർട്ടിസ്റ്റ് എന്നുള്ളത് വലിയ പരിഗണനയായിരുന്ന കാലം. എങ്ങനെയാണ് എ.ഐ.ആറിൽ പാടാനുള്ള അവസരം ഒരുങ്ങുന്നത്*

ടെലിച്ചറി മ്യൂസിക് ക്ലബ്ബിനെ കുറിച്ചു പറഞ്ഞല്ലോ. കെ.രാഘവൻമാഷ് ആഴ്ചയിൽ ഒരു ദിവസം അവിടെ വരുമായിരുന്നു. ഉന്നതകുലജാതരുടെ സംഗീതക്കളരിയാണ് ആ ക്ലബ്ബ്. അതിനാൽ പണിയെടുത്തു മുഷിഞ്ഞ നിലയിൽ അവിടെ ചെല്ലുന്ന ഞാൻ പുറത്തുതന്നെ നിൽക്കും. അവസാനം അബൂട്ടിക്ക വിളിച്ച് ഒന്നോ രണ്ടോ പാട്ടുപാടിക്കുകയാണു ചെയ്യുക. അങ്ങനെ പുറത്തുനിൽക്കുന്ന ഒരവസരത്തിലാണ് രാഘവൻമാഷ് എന്നെക്കുറിച്ച് അവരോട് അന്വേഷിക്കുന്നത്. അദ്ദേഹം അകത്തേക്കു വിളിച്ചു, പാട്ടു പാടിച്ചു. പാട്ടു കേട്ടുകഴിഞ്ഞപ്പോൾ ആകാശവാണിയിൽ ഒഡീഷനു കൊടുക്കാൻ നിർബന്ധിച്ചു. അതിനു വേണ്ട ഫോറം കൊണ്ടുവന്നു തന്നു. അതു പൂരിപ്പിച്ചതും കൊണ്ടുകൊടുത്തതുമൊക്കെ അദ്ദേഹം തന്നെയാണ്. സകലകലാകാരൻമാരുടെയും ആരാധനാ കഥാപാത്രമായ, ആകാശവാണിയിലെ പ്രോഗ്രാം ഡയറക്ടറാണ് ഇതൊക്കെ ചെയ്യുന്നത് എന്നാലോചിക്കണം. ആ ഫോറം പൂരിപ്പിക്കുമ്പോൾ രാഘവൻമാഷ് സൃഷ്ടിച്ചതാണ് എരഞ്ഞോളി മൂസയെ എന്നു പറയണം. രണ്ടുരീതിയിൽ അതു ശരി

**വിരാജ്പേട്ടയിൽ കമ്യൂണിസ്റ്റു പാർട്ടിയുടെ എന്തോ പരിപാടി നടക്കുന്നു. അവിടെ നാടകം അവതരിപ്പിക്കാൻ സമിതിക്കാർക്കു ക്ഷണം കിട്ടി. മഠത്തിലെ പരിപാടിക്കു പാടിയ അനുഭവം വെച്ച് എന്നെയും കൊണ്ടുപോകാൻ അവർ തീരുമാനിച്ചു. കമ്മിറ്റിക്കാർ വീട്ടിൽ വന്ന് ഉമ്മയോടു സമ്മതമൊക്കെ വാങ്ങി. പെൺശബ്ദത്തിൽ നാടകത്തിൽ പാടാനാണ് എന്നെ കൂട്ടിക്കൊണ്ടുപോയത്.**

യാണ്. വലിയകത്തു മൂസ എന്ന പേര് വളർന്നുവരുന്ന ഒരു കലാകാരന് ചേർന്നതല്ല എന്നതിനാൽ അദ്ദേഹം നാട്ടുപേരു ചോദിച്ചു.അങ്ങനെയാണ് എരഞ്ഞോളിമൂസ എന്ന അഴകും ഒതുക്കവുമുള്ള പേര് എനിക്കു കിട്ടുന്നത്. കേരളത്തിലെ ഏതു മുക്കുമൂലയിലെയും പരസ്യച്ചുമരുകൾക്കു നല്ല പരിചയ



(c) https://welikeindianmuslims.blogspot.in



മുള്ള പേരാണത്. ഗൾഫുനാടുകളിലെ പരസ്യച്ചുമരുകൾക്കും ചിരപരിചിതമാണ്. ആയിരക്കണക്കിനു പാട്ടാസ്വാദകരുടെ മനസ്സിൽ അതിനേക്കാൾ ആഴത്തിൽ ആ പേരു പതിഞ്ഞുകിടക്കുന്നു. അവിടെ തുടങ്ങുന്നു രാഘവൻമാഷോടുള്ള കടപ്പാട്.

ഒഡീഷൻ പാസായി. ആകാശവാണിയിൽ പാടാൻ അവസരം വന്നു. മാപ്പിളപ്പാട്ടാണു പാടേണ്ടത്. നേരത്തേ ഞാൻ പി.കെ അബ്ബൂട്ടിയെ കുറിച്ചു പറഞ്ഞല്ലോ. നല്ല സംഗീതജ്ഞൻ കൂടിയാണ്. അദ്ദേഹം ട്യൂൺചെയ്ത നാലുപാട്ടുകളാണ് ആകാശവാണിയിൽ ഞാൻ ആദ്യമായി പാടുന്നത്. രചനയാകട്ടെ മാപ്പിളപ്പാട്ടിന്റെ സാഹിത്യചരിത്രകാരനും നിരൂപകനും മികച്ച പാട്ടെഴുത്തുകാരനുമായ ഒ.ആബുസാഹിബിന്റേതും. 'ഓമന മുഹമ്മദിനെ ഓത്തിനയച്ചില്ല / ഓമനിക്കാൻ ബാപ്പവേണം ബാപ്പജീവിപ്പില്ല', 'ഗുണമുടയാൻ നബിയുള്ള കണ്മണിയായി വളർത്തിയ / ഗുണനിധിയാം ഹസൈനാരും കരുതുകയായി', 'ഉള്ളേറ്റം കുളിർത്താറ്റൽ ഖദീജാബി വിടകൊണ്ടു', 'മക്കത്തുദിത്തൊളിവേ റസൂലുള്ളാ' അങ്ങനെ നാലുപാട്ട്. ആബുസാഹിബിന്റെ ആ രചനകൾ, അബ്ബൂട്ടിക്കാന്റെ അതേ സംഗീതത്തിൽ പടച്ചതമ്പുരാന്റെ വേണ്ടുകകൊണ്ട് ഇന്നും ഞാൻ സ്റ്റേജുകളിൽ പാടിക്കൊണ്ടിരിക്കുന്നു. കുട്ടികളുടെ പല പരിപാടികളും ഉദ്ഘാടനം ചെയ്യാൻ എന്നെ വിളിക്കാറുണ്ട്. ഓമന മുഹമ്മദിനെ എന്ന പാട്ടങ്ങു പാടിക്കൊടുക്കും ഞാൻ. പിന്നെ അവരോടൊന്നും പറയേണ്ടിവരാറില്ല. അത്രയ്ക്കു ലളിതവും വശ്യവുമായ പാട്ടാണത്. അങ്ങനെ ആകാശവാണി ഗായകനായി. അതുവരെ തലശ്ശേരിയിലും പരിസരത്തും മാത്രം പാടി നടന്നിരുന്ന എനിക്ക് അയൽപ്രദേശങ്ങളിൽ ചെന്നു പാടാൻ അവസരങ്ങളുണ്ടായി. പാട്ടാസ്വാദകരായ മലയാളികൾക്ക് എരഞ്ഞോളി മൂസയെ പരിചയപ്പെടുത്തിക്കൊടുത്തതും രാഘവൻമാഷാണ്. അങ്ങനെയാണു ഞാൻ മാപ്പിളപ്പാട്ടുകാരനായിത്തീരുന്നത്.

**?** *മിക്കവാറും എല്ലാ ചാനലുകളും മാപ്പിളപ്പാട്ടു പരിപാടികൾ തുടങ്ങി. അതു മാപ്പിളപ്പാട്ടിനെ വളരെയേറെ ജനകീയവുമാക്കി. ഒരു പുതിയ തലമുറ തന്നെ പെട്ടെന്നു പാട്ടുവേദിയിലെത്തി. ജാതിമതഭേദമെന്യേ മാപ്പിളപ്പാട്ടു ഗായകരുണ്ടായി. ഇപ്പോൾ ആ വേലിയേറ്റത്തിന്റെ കാലം കഴിഞ്ഞിരിക്കുന്നു. ഒരു വിലയിരുത്തലിനു സമയമായിരിക്കുന്നു. എന്താണ് ആത്യന്തികമായി ചാനൽപരിപാടികൾ മാപ്പിളപ്പാട്ടിനു നൽകിയത്*

**കോട്ടപ്പാറ കരിങ്കൽകോറിയിലെ ജില്ലി പൊട്ടിക്കുന്ന പണി നിർത്തി ഞാൻ യുടിസി തീപ്പെട്ടിക്കമ്പനിയിൽ പണിക്കു പോയിരുന്നു. അതുമൊഴിവാക്കി പോയത് തലശ്ശേരി ടൗണിൽ ചുമടെടുക്കുന്ന തൊഴിലിനാണ്. അക്കാലത്താണു ടെലിച്ചറി മ്യൂസിക് ക്ലബ്ബുമായി അടുക്കാൻ കഴിയുന്നത്. എരഞ്ഞോളി ഗ്രാമീണ കലാസമിതിയുടേതിനേക്കാൾ ആകർഷകമായിരുന്നു അവരുടെ ഓർക്കസ്ട്ര.**

(c) https://welikeindianmuslims.blogspot.in



എരഞ്ഞോളി മൂസ, കെ. അബൂബക്കർ

വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്. പ്രത്യേകിച്ചും കൈരളിയിലെ പട്ടുറുമാൽ പരിപാടി. അവരാണ് അങ്ങനെയൊരു പരിപാടി ധൈര്യത്തിൽ തുടങ്ങിയത്. പ്രൊഫഷനൽ ഗായകൻമാരായിരുന്നു തുടക്കത്തിൽ പാടാനെത്തിയത്. അടുത്തമത്സരത്തിൽ അല്ലാത്തവരുമുണ്ടായിരുന്നു. നല്ല, തനിമയാർന്ന മാപ്പിളപ്പാട്ടുകളാണ് ആ രണ്ടു മത്സരങ്ങളിലും അവതരിപ്പിക്കപ്പെട്ടത്. അതോടുകൂടി അതിനു വലിയ സ്വീകാര്യതയുണ്ടായി. കൈരളിയുടെ ഈ സേവനം എടുത്തുപറയേണ്ടതാണ്. അതങ്ങനെ കത്തിക്കയറുന്ന നേരത്താണ് മാപ്പിളപ്പാട്ടിനെക്കുറിച്ച് ഒരു ധാരണയുമില്ലാത്ത ചിലർ ആ പരിപാടി അടിമുടി മാറ്റുന്നത്. വേദിയിലെ പ്രകടനത്തിലുള്ള വശ്യതയായിരുന്നു അതിന്റെ ഊന്നൽ. അല്ലാതെ പാട്ടിന്റെ തനിമയോ പാടുന്നതിന്റെ മെച്ചമോ ഒന്നുമായിരുന്നില്ല. അതു മാപ്പിളപ്പാട്ടിനു നിരക്കുന്നതേയായിരുന്നില്ല.

(c) https://welikeindianmuslims.blogspot.in



ഫോട്ടോ: കെ.ടി ബാബുരാജ്

**ചാനൽ വഴി വളർന്നുവന്ന പാട്ടുകാരിൽ നല്ല കഴിവുള്ള കുട്ടികളുണ്ടായിരുന്നു. പ്രതീക്ഷയുള്ള പലരുമുണ്ടായിരുന്നു. അവർക്കുവേണ്ടി പ്രാർത്ഥിച്ചിട്ടുണ്ട് ഞാൻ. പക്ഷേ, നാലഞ്ച് എപ്പിസോഡുകളിൽ പാടിയതോടെ പലർക്കും വലിയ കിബ്റു വന്നുപോയി. ചിലർ സെക്രട്ടറിമാരെ വെച്ചു. വിളിച്ചാൽ കിട്ടാതായി. പ്രോഗ്രാമിനു ക്ഷണിച്ചാൽ വരാതായി. ഒരു കല്യാണപ്പരിപാടിക്കു വിളിച്ചാൽ മുപ്പതിനായിരം രൂപയും വണ്ടിക്കൂലിയും വേണമെന്നായി.**

മാപ്പിളപ്പാട്ടിനെ സ്നേഹിക്കുന്നവർക്ക് അതു രുചിച്ചില്ല. അവർക്ക് ആ പരിപാടിയോടു തന്നെ വെറുപ്പായി. ആളുകൾ ചാനൽ മാറ്റാൻ തുടങ്ങി. അതോടെ സ്പോൺസർമാരും പിൻവാങ്ങിത്തുടങ്ങി. സമാന്തരമായി മറ്റു ചാനലുകളിൽ നല്ലനല്ല മാപ്പിളപ്പാട്ടു പരിപാടികൾ വന്നു. വിശേഷിച്ചും മീഡിയാ വണ്ണിലെ പതിനാലാം രാവ്. റിയാലിറ്റി ഷോകൾ മാപ്പിളപ്പാട്ടിനെ കൊന്നുകുഴിച്ചുമൂടുമെന്നു തോന്നിയ സമയത്താണ് അവർ ചെറിയ കുട്ടികൾക്ക് അവസരം നൽകിയത്. അതിശയകരമായിരുന്നു അവരുടെ പ്രകടനം. മാപ്പിളപ്പാട്ടിൽ നൂറ്റിച്ചില്ലാനം ഇശലുകളുണ്ട്. അക്കൂട്ടത്തിൽ പത്തോ പതിനഞ്ചോ ഇശലുകളാണ് നമ്മൾ സ്ഥിരമായി കേട്ടുകൊണ്ടിരിക്കുന്നത്. നിത്യോപയോഗത്തിലില്ലാതിരുന്ന ഇശലുകളായിരുന്നു അധികവും. അവ അന്വേഷിച്ചു കണ്ടെത്തി പഠിച്ചുപാടുകയായിരുന്നു ആ കുട്ടികൾ. അതു കേ

(c) https://welikeindianmuslims.blogspot.in



കൃഷ്ണദാസ് വടകര



ജമാൽ കൊച്ചങ്ങാടി

ട്ടപ്പോൾ പണ്ടത്തെപ്പോലെ കൈവണ്ടി വലിക്കാൻ പോവുകയാണു നല്ലത് എന്നെനിക്കു തോന്നിയിട്ടുണ്ട്. ആ കുട്ടികളെ മറികടക്കാൻ എന്നെക്കൊണ്ടാവില്ല എന്നെനിക്ക് ഉറപ്പായിരുന്നു. മാപ്പിളപ്പാട്ടിനെ ജനങ്ങൾ വെറുത്തുതുടങ്ങിയ സമയത്താണ് ഇതു സംഭവിക്കുന്നത് എന്നോർക്കണം. മീഡിയാവൺ ചാനലാണ് ഇതിന് അവസരമൊരുക്കിയത്.

**?** *വേദികളിൽ പാടിപ്പാടി പതുക്കെപ്പതുക്കെയാണു നിങ്ങളും നിങ്ങളുടെ തലമുറപ്പാട്ടുകാരും അറിയപ്പെടുന്ന പാട്ടുകാരായത്. ചാനലുകൾ മാപ്പിളപ്പാട്ടു പരിപാടികൾ തുടങ്ങിയതോടെ സെലിബ്രിറ്റികൾ വളരെ പെട്ടെന്നു സൃഷ്ടിക്കപ്പെടുകയായിരുന്നു. അവനവന്റെ പ്രകടനം സ്വന്തം നിലയിൽ വിലയിരുത്താനും തിരുത്താൻ പോലും സാവകാശം കിട്ടാത്ത തരത്തിലുള്ള വളർച്ച. ഇതെങ്ങനെയാണു പുതിയ പാട്ടുകാരിൽ പ്രതിഫലിച്ചത്*

അറുപത് അറുപത്തഞ്ചു കൊല്ലമായി ഞാൻ പാട്ടു തുടങ്ങിയിട്ട്. നന്നായി പാടി എന്നൊന്നും പറയുന്നില്ല. എന്തായാലും ഞാൻ ഇപ്പോഴും രംഗത്തുണ്ട്. കേരളത്തിൽ ഞാൻ പരിപാടി അവതരിപ്പിക്കാത്ത ഒരു മുക്കോ മൂലയോ ഉണ്ടാവില്ല. ഇന്ത്യയിലെ എല്ലാ നഗരങ്ങളിലും ചെന്ന് മാപ്പിളപ്പാട്ടു പാടാൻ എനിക്ക് അവസരം കിട്ടിയിട്ടുണ്ട്. നാനൂറ്റി അമ്പത്തിരണ്ടു തവണ പാട്ടുപാടാൻ വേണ്ടി മാത്രം വിദേശത്തു പോയിട്ടുണ്ട്. 1974 ഡിസംബറിൽ അബുദാബിയിലേക്കായിരുന്നു ആദ്യത്തെ യാത്ര. ഇന്ത്യൻ ഇസ്‌ലാമിക് സെന്ററിന്റെ ക്ഷണം സ്വീകരിച്ചായിരുന്നു അത്. അവരുടെ വിസയും ടിക്കറ്റും എന്റെ കൈയിൽ കിട്ടിയത് വലിയ ഒരു കുരുത്തമായിരുന്നു. പിന്നെ ഞാൻ പറക്കുകയായിരുന്നു. അത്രയ്ക്കു വൃത്തിയുള്ള ഒരു സംഘടനയാണത്. അന്ന് അതിന്റെ പ്രസിഡണ്ട് ബാവഹാജിയായിരുന്നു. ഇന്നും ബാവഹാജി തന്നെയാണു പ്രസിഡണ്ട്. ഇപ്പോൾ പ്രായമായിരിക്കുന്നുവെന്ന വ്യത്യാസമേയുള്ളൂ. ഗൾഫുനാടുകളിൽ ആയിരത്തോളം വേദികളിൽ പാടിയിട്ടുണ്ട്. ആയിരം വേദി തികച്ചത് ആഘോഷിക്കുകയാണ്. ആയിരത്തൊന്നു രാവ് എന്നാണു പേരിട്ടിരിക്കുന്നത്. ഇങ്ങനെ നിറഞ്ഞുനിൽക്കാൻ കഴിഞ്ഞത് എരഞ്ഞോളി മൂസയുടെ മഹത്വം കൊണ്ടല്ല. നല്ലനല്ല പാട്ടുകൾ പാടിയതുകൊണ്ടാണ്. ഒ.ആബുസാഹിബ്, പി.ടി.അബ്ദുറഹ്മാൻ, കാനേഷ്പൂനൂർ, ജമാൽ കൊച്ചങ്ങാടി, പ്രേംസൂറത്ത്, ബാപ്പുവെള്ളിപറമ്പ് ഇങ്ങനെയുള്ള ഒന്നാന്തരം പാട്ടെഴുത്തുകാരുടെ പാട്ടുകൾ പാടാൻ കഴിഞ്ഞതുകൊണ്ടാണ് ജനങ്ങൾ എന്നെ സ്വീകരിച്ചത്. പാട്ടിനെയും പാട്ടാസ്വാദകരെയും മാനിച്ചതുകൊണ്ടാണ്.

ചാനൽ വഴി വളർന്നുവന്ന പാട്ടുകാരിൽ നല്ല കഴിവുള്ള കുട്ടികളുണ്ടായിരുന്നു. പ്രതീക്ഷയുള്ള പലരുമുണ്ടായിരുന്നു. അവർക്കു വേണ്ടി പ്രാർത്ഥിച്ചിട്ടുണ്ട് ഞാൻ. പക്ഷേ, നാലഞ്ച് എപ്പിസോഡുകളിൽ പാടിയതോടെ പലർക്കും വലിയ കിബ്റുവന്നുപോയി. ചിലർ സെക്രട്ടറിമാരെ വെച്ചു. വിളിച്ചാൽ കിട്ടാതായി. പ്രോഗ്രാമിനു ക്ഷണിച്ചാൽ വരാതായി. ഒരു കല്യാണപ്പരിപാടിക്കു വിളിച്ചാൽ മുപ്പതിനായിരം രൂപയും വണ്ടിക്കൂലിയും വേണമെന്നായി. ഒരൊറ്റ പാട്ടുകാരനു മാത്രം അത്രയും വലിയ തുക കൊടുത്ത് ആർക്കാണ് കല്യാണവീട്ടിൽ ഒരു പരിപാടി നടത്താനാവുക? എന്താ സംഭവിച്ചത്? അവർ രംഗത്തേ ഇല്ലാതായിപ്പോയി. ജനങ്ങൾ അവരെ മാറ്റി നിർത്തി.

**എല്ലാ വിഭാഗം ആളുകൾക്കും ആസ്വദിക്കാവുന്ന തരത്തിൽ വേണം മാപ്പിളപ്പാട്ടു ചിട്ടപ്പെടുത്തുന്നത് എന്നു വിശ്വസിച്ചിരുന്ന സംഗീതസംവിധായകനാണ് അബൂട്ടി. അതേ വിശ്വാസക്കാരനായിരുന്നു ചാന്ദ്പാഷയും. ധാരാളം പാട്ടുകൾ ട്യൂൺ ചെയ്തിട്ടുണ്ട് ചാന്ദ്പാഷ. അദ്ദേഹം ട്യൂൺചെയ്ത പാട്ടുകൾ ഏറ്റവും കൂടുതൽ പാടിയിട്ടുള്ളത് ഞാനാണ്.**

**?** *തലശ്ശേരിക്കു വലിയ മാപ്പിളപ്പാട്ടു പാരമ്പര്യമുണ്ട്. ഖാളി മുഹമ്മദു കഴിഞ്ഞാൽ മാപ്പിളപ്പാട്ടു ചരിത്രത്തിൽ രണ്ടാമതായി പ്രത്യക്ഷപ്പെടുന്ന കവി കുഞ്ഞായിൻ മുസ്ല്യാരാണ്. അദ്ദേഹത്തിന്റെ കപ്പപ്പാട്ടു വളരെ പ്രസിദ്ധവുമാണ്. അവസാനം ആബുസാഹിബിലെത്തുന്നതു വരെ ഒരുപാടു പാട്ടെഴുത്തുകാർ. ആദ്യമായി അറബിമലയാളം അച്ചുകൂടം സ്ഥാപിക്കുന്നതു തലശ്ശേരിയിലാണ്. ആബുസാഹിബാകട്ടെ പഴയമട്ടിലുള്ള പാട്ടുകളുടെ വ്യാഖ്യാതാവും വക്താവുമാണ്. അദ്ദേഹവുമായി മൂസക്കാക്കു നല്ല ബന്ധവുമുണ്ട്. എന്നിട്ടും വൈദ്യരുടേതു പോലുള്ള അറബിമലയാളരചനകളല്ല, മൂസക്കാന്റെ വ്യക്തിമുദ്രയുള്ള പാട്ടുകളൊന്നും. ഇതെങ്ങനെയാണു സംഭവിച്ചത് എന്നു വിശദീകരിക്കാമോ*

മോയിൻകുട്ടിവൈദ്യരുടെയും മറ്റും പാട്ടുകൾ വളരെ കുറച്ചു മാത്രമേ ഞാൻ പാടിയിട്ടുള്ളൂ. അത്രയൊന്നും പാടാൻ കഴിയാതെ പോയതിൽ വലിയ സങ്കടമുണ്ട്. ലോകാവസാനം വരെ അത്തരം പാട്ടുകൾ ആളുകൾ പാടിക്കൊണ്ടിരിക്കണം എന്ന് ആ

(c) https://welikeindianmuslims.blogspot.in

ഗ്രഹിക്കുന്ന ഒരാളാണു ഞാൻ. ഈ അടുത്ത കാലത്താണ് ഞാൻ എഴുതാൻ പഠിക്കുന്നത്. നല്ല വൃത്തിയുള്ള കൈയക്ഷരമാണ് എന്റേത്. വൈദ്യരുടേതുപോലെയുള്ള കടുപ്പപ്പെട്ട പാട്ടുകൾപാടാൻ കഴിയാതിരുന്നത് അന്നെനിക്ക് എഴുത്തും വായനയും അറിയില്ലായിരുന്നുവെന്നതുകൊണ്ടാണ്. അതിൽ വലിയ സങ്കടം തന്നെയുണ്ട്. പഴയ കാലത്തുള്ളവർക്ക് ആ ഭാഷയറിയാമായിരുന്നു. അതു പാടി അർത്ഥം പറയുന്നവർ ഉണ്ടായിരുന്നു. എഴുത്തറിയാത്തതിനാൽ അതൊന്നും എഴുതിയെടുക്കാനും വായിച്ചുപഠിക്കാനും കഴിഞ്ഞില്ല. അതാണു സത്യം. മനഃപാഠം പഠിച്ചാണു ഞാൻ പാടുക. വേദിയിൽ പാടുമ്പോൾ പുസ്തകം മുന്നിൽ വെക്കുന്നത് സഭാകമ്പം മറികടക്കാനാണ്. മുന്നിൽ വലിയ ആൾക്കൂട്ടമുണ്ടാകും. അവരെ നോക്കാതെ കഴിക്കാമല്ലോ.

*? മൂസക്കയുടെ പാട്ടുകൾ മാപ്പിളപ്പാട്ടിലെ പുതിയ ഒരു ധാരയാണ്. എങ്ങനെയാണ് ഇത്തരത്തിലുള്ള പാട്ടിൽ എത്തിപ്പെട്ടത് എന്ന് ആലോചിച്ചിട്ടുണ്ടോ*

അങ്ങനെയൊന്ന് ഉണ്ടായതുകൊണ്ടാണു ഞാൻ രക്ഷപ്പെട്ടത്. അല്ലായിരുന്നെങ്കിൽ ഞാനാരുമാകുമായിരുന്നില്ല. അതിനു കടപ്പാടുള്ളത് സംഗീതസംവിധായകരോടാണ്. പി.കെ.അബൂട്ടിയോടും ചാന്ദ്പാഷയോടും. എല്ലാ വിഭാഗം ആളുകൾക്കും ആസ്വദിക്കാവുന്ന തരത്തിൽ വേണം മാപ്പിളപ്പാട്ടു ചിട്ടപ്പെടുത്തുന്നത് എന്നു വിശ്വസിച്ചിരുന്ന സംഗീതസംവിധായകനാണ് അബൂട്ടി. അതേ വിശ്വാസക്കാരനായിരുന്നു ചാന്ദ്പാഷയും. ധാരാളം പാട്ടുകൾ ട്യൂൺ ചെയ്തിട്ടുണ്ട് ചാന്ദ്പാഷ. അദ്ദേഹം ട്യൂൺചെയ്ത പാട്ടുകൾ ഏറ്റവും കൂടുതൽ പാടിയിട്ടുള്ളത് ഞാനാണ്. മിഅ്റാജുരാവിലെ കാറ്റേ, ആകാശഭൂമിക്കധിപതിയായ, മൈലാഞ്ചിയരച്ചല്ലോ തുടങ്ങി ഏറ്റവും ഹിറ്റായ നൂറുകണക്കിനു പാട്ടുകൾ അദ്ദേഹം സംഗീതം നൽകിയവയാണ്. രചന പി.ടിയുടേതാണെങ്കിൽ വിശേഷമായി. ചാന്ദ്പാഷയുടെ കൈയിലൂടെ കടന്നുവരുമ്പോൾ എനിക്കു പാകമായ പാട്ടായി അതു മാറിയിരിക്കും. മാപ്പിള അഭിരുചികളെ പരിഗണിക്കുന്നതോടൊപ്പം മറ്റുജനവിഭാഗങ്ങളുടെ അഭിരുചികളെ കൂടി കണക്കിലെടുത്തുകൊണ്ടാണ് അവർ മാപ്പിളപ്പാട്ടിന് ഈണം നൽകിയത്.

**ഞാൻ പാടിത്തുടങ്ങിയ കാലം മുതൽ പി.ടിയും ചാന്ദ്പാഷയുമായുള്ള ബന്ധം തുടങ്ങുന്നു. അത് അവരുടെ അവസാനത്തെ പാട്ടുകൾ പാടുന്നതുവരെ തുടരുകയും ചെയ്തു. പി.ടി. രചിച്ച്, ചാന്ദ്പാഷ സംഗീതം ചെയ്ത 'ആകാശഭൂമിക്കധിപതിയായ' എന്ന പാട്ടു ഞാൻ പാടുന്നത് എഴുപത്തിരണ്ടിലാണ് എന്നാണ് ഓർമ. 'അസർമുല്ല മണം വീശും കാറ്റേ / വന്ന് മിസ്റിന്റെ കഥ പറഞ്ഞാട്ടെ' എന്ന പാട്ടാണ് പി.ടി അവസാനം എഴുതിയത്. അതിനുശേഷം വേറൊരു പാട്ട് പി.ടി എഴുതിയിട്ടില്ല.**

പി.ടിയും ചാന്ദ്പാഷയും ഞാനും ഒരു ടീമായിരുന്നു. ഞാൻ പലരുടെയും പാട്ടുകൾ പാടിയിട്ടു



(c) https://welikeindianmuslims.blogspot.in



എരഞ്ഞോളി മൂസ, ചാന്ദ്പാഷ

ണ്ട്. എന്നാൽ ഏറ്റവും കൂടുതൽ പാടിയിട്ടുള്ളത് പി.ടി അബ്ദുറഹ്മാന്റെ പാട്ടുകളാണ്. അതുപോലെ പി.ടിയുടെ പാട്ടുകൾ പലരും പാടിയിട്ടുണ്ട്. എന്നാൽ ഏറ്റവും കൂടുതൽ പാട്ടുകൾ പാടി ജനങ്ങളിലേക്കെത്തിച്ചതു ഞാനാണ്. ഞാൻ പാടിത്തുടങ്ങിയ കാലം മുതൽ പി.ടിയും ചാന്ദ്പാഷയുമായുള്ള ബന്ധം തുടങ്ങുന്നു. അത് അവരുടെ അവസാനത്തെ പാട്ടുകൾ പാടുന്നതുവരെ തുടരുകയും ചെയ്തു. പി.ടി. രചിച്ച്, ചാന്ദ്പാഷ സംഗീതം ചെയ്ത 'ആകാശഭൂമിക്കധിപതിയായ' എന്ന പാട്ടു ഞാൻ പാടുന്നത് എഴുപത്തിരണ്ടിലാണ് എന്നാണ് ഓർമ. 'അസർമുല്ല മണം വീശും കാറ്റേ / വന്ന് മിസ്റിന്റെ കഥ പറഞ്ഞാട്ടെ' എന്ന പാട്ടാണ് പി.ടി അവസാനം എഴുതിയത്. അതിനുശേഷം വേറൊരു പാട്ട് പി.ടി എഴുതിയിട്ടില്ല. അതു ചാന്ദ്പാഷ ട്യൂൺ ചെയ്തു. അതിനു ശേഷം ചാന്ദ്പാഷ ട്യൂൺ ചെയ്ത ഒരു പാട്ടും റിക്കാർഡു ചെയ്യപ്പെട്ടിട്ടില്ല. അവരുടെ രണ്ടു പേരുടെയും അവസാനത്തെ പാട്ടാണ് അത്. ആ പാട്ടു പാടാനുള്ള ഭാഗ്യവും എനിക്കുണ്ടായി.

**?** *എല്ലാ വിഭാഗം ജനങ്ങൾക്കും ആസ്വാദ്യകരമാകണം എന്ന നിലയിലാണ് അബൂട്ടിക്ക മാപ്പിളപ്പാട്ടുകൾ ട്യൂൺ ചെയ്തത് എന്നു പറഞ്ഞല്ലോ. പാഷഭായി ഒരിക്കൽ കൃസ്ത്യൻ ഭക്തിഗാനങ്ങളുടെ സംഗീതശൈലി പ്രചോദനമായതിനെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. മാപ്പിളപ്പാട്ടായിരിക്കുമ്പോൾ തന്നെ മാപ്പിളമാരല്ലാത്തവർക്കുകൂടി ആസ്വദിക്കാവുന്ന ഒരു മാനം മാപ്പിളപ്പാട്ടിനു നൽകുകയാണ് അവർ ചെയ്തത്. അതാണ് മൂസക്കയുടെ സ്വന്തം പാട്ടുവഴിയായി മാറിയത് എന്നു സാരം*

അതാണു സത്യം. ഇത്തരത്തിലുള്ള ട്യൂൺ കിട്ടിയതുകൊണ്ടാണ് എരഞ്ഞോളി മൂസ എന്ന പാട്ടുകാരന് ഈ പാട്ടുകാർക്കിടയിൽ പിടിച്ചുനിൽക്കാൻ കഴിഞ്ഞത്. മെലഡിയാണ് അതിന്റെ പ്രത്യേകത. ഏതു വിഭാഗം ജനങ്ങൾക്കും ഇഷ്ടമാകുമെന്നതാണ് അതിന്റെ ഗുണം.

**?** *നിത്യപരിചയത്തിലായിക്കഴിഞ്ഞാൽ ആർക്കും നിർവഹിക്കാവുന്നതാണ് മാപ്പിളപ്പാട്ടു രചന എന്ന ഒരു ധാരണ പാട്ടുകാർക്കിടയിലുണ്ടോ എന്നു തോന്നാറുണ്ട് ചിലപ്പോൾ. സ്വന്തം രചന പാടുന്ന രീതി നേരത്തേ തന്നെ പലരും സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ രചനയും സംഗീതവും നിർവഹിച്ച് സ്വന്തം തന്നെ പാടുന്നവരെയും കാണുന്നു. എന്താണു മൂസക്കയുടെ നിലപാട്*

ഞാൻ ധാരാളം പാട്ടുകൾ പാടിയിട്ടുണ്ട്. എന്നാൽ ഒരൊറ്റ പാട്ടുപോലും എഴുതിയിട്ടില്ല. ഒരു പാട്ടിനു പോലും സംഗീതം നൽകിയിട്ടുമില്ല. അതൊക്കെ ചെയ്യുന്നവരുണ്ടാകാം. സ്വന്തം രചന സ്വയം ട്യൂൺ ചെയ്ത് ആലപിക്കുന്നവരുടെ കാലമാണ് ഇത്. പക്ഷേ ഞാനങ്ങനെയൊന്നും ചെയ്തിട്ടില്ല. നല്ല അറിവും കഴിവുമുള്ള എഴുത്തുകാരുടെ പാട്ടുകളെടുത്ത് പാടുകയാണ് എപ്പോഴും ചെയ്തിട്ടുള്ളത്. അത്തരം പാട്ടുകൾ വെറും പാട്ടുകളല്ല. അതിനകത്ത് കാവ്യഗുണമുണ്ടാകും. പാടിക്കൊഴുപ്പിക്കാൻ പാകത്തിൽ സംഗീതം ചേർന്നിരിക്കും. പാടുന്നവർക്ക് ആ പാട്ടിനെ ആത്മാവിന്റെ ഭാഗമാക്കിയെടുക്കാൻ സഹായിക്കുന്ന പ്രമേയമുണ്ടാകും. ഇതെല്ലാം കണ്ടെത്തിയാണു സംഗീതം നൽകേണ്ടത്. അതു വലിയ സിദ്ധിയാണ്. ചാന്ദ്പാഷയെ പോലുള്ള മികച്ച സംഗീതസംവിധായകർ കൈവെക്കുമ്പോൾ പി.ടിയുടേതുപോലെയുള്ള കവികളുടെ ഒന്നാന്തരം രചനകൾക്കുണ്ടാകുന്ന പൊലിമ ഒന്നു വേറെത്തന്നെയാണ്. അങ്ങനെ കിട്ടുന്ന പാട്ടും അതിനു കൊടുത്ത ട്യൂണും എനിക്കു വഴങ്ങുന്നതു വരെ ഞാൻ പഠിക്കും. എന്നിട്ടു മാത്രമേ പാടാറുള്ളൂ. തട്ടിക്കൂട്ടി പാടുന്ന ശീലം എനിക്കില്ല. അതുകൊണ്ടായിരിക്കാം ഞാൻ പാടിയ മിക്ക പാട്ടുകളും ഹിറ്റായത്. അതുകൊണ്ടു തന്നെയായിരിക്കാം എനിക്കിപ്പോഴും ശ്രോതാക്കളെ കിട്ടുന്നത്. നല്ല പാട്ടുകൾ മാത്രമേ ഞാൻ പാടിയിട്ടുള്ളൂ എന്നുപോലും പറയാൻ കഴിയും.

അതിനു ഫലവുമുണ്ടായിട്ടുണ്ട്. ഈരാറ്റുപേട്ടയി

(c) https://welikeindianmuslims.blogspot.in

ഒരു ഉസ്താദുണ്ട്. വലിയ ഉസ്താദാണ്. അയാൾ പറയും: നിങ്ങൾ ഒന്നും ചെയ്യേണ്ട, ഈ പാട്ട് ജനങ്ങളുടെ മുമ്പിൽ ചെന്നു പാടിയാൽ മാത്രം മതി. അവർ നല്ല മനുഷ്യരായി മാറും. 'ആകാശദേശത്ത് ...ഹിൻമേലാര് / ആലേഖനം ചെയ്തുവെച്ചെന്റെ പേര്? /ഖല്ലാക്കുടയോൻ ഇലാഹാണഹദ് / അല്ലും പകലും അവനെന്റെ ഹംദ്.' പി.ടി എഴുതി ചാന്ദ്പാ... ട്യൂൺ ചെയ്തതാണ്. ഇങ്ങനെ നൂറു കണക്കിനു പാട്ടുകളുണ്ട്. 'കടലും കരയും നഭസ്സും മതിയും പണിതീർത്ത നാഥന്നായ് ഞാനെന്റെ / കുനിയും ശിരസ്സും മനസ്സും വചസ്സും കൊണ്ടോതും സ്തുതിഗീതം.' അവരുടെ തന്നെ സൃഷ്ടിയാണ്. എത്ര മനോഹരമായ രചനയാണ്! അതിന്റെ മർമം കണ്ട സംഗീതവും. ഇതൊന്നും എനിക്കു സ്വപ്നം കാണാൻ പോലുമാവില്ല. അതിനാൽ ഞാൻ അവരെയൊക്കെ ആശ്രയിക്കുകയാണു ചെയ്തത്.

എന്നെ കാണുമ്പോഴൊക്കെ പി.ടി നാലുവരിയെങ്കിലും പാടാൻ നിർബന്ധിച്ചിരുന്ന ഒരു പാട്ടുണ്ട്: "അർശ് കുർസുകൾ പണിയും മുനമിലെ പടച്ചു തിരുനബി ഒളിവിനെ / അരുമ പെരുകിന തരമിൽ അഹദവൻ ആക്കി തിരുനബി ഒളിവിനെ. അതിനു പു...കതിനായി നാഥൻ അമയ്ത്തു മറ്റുലകത്തിനെ / അമിത വിരുതെഴും ഖാലിക്ക് മനമാൽ പടച്ചു മലക്കിനെ. മാനമേഴുമുയർത്തി പിന്നെ ഭൂമി വിടർത്തി മനുഷ്യനെ / മണ്ണുകൊണ്ടു പടച്ചു മേ   കലർത്തി സൃഷ്ടിയിലങ്ങനെ." ശ്രദ്ധിക്കേണ്ട കാര്യം ഇത് പിടിയുടെ പാട്ടല്ല എന്നതാണ്. ആബുസാഹിബിന്റെ വരികൾ പാടിക്കേൾക്കാനാണു പി.ടി നിരന്തരം കൊതിച്ചിരുന്നത്. ലോകോത്പത്തി മുതൽ നബിയുടെ ജനനം വരെയുള്ള ചരിത്രമാണ് ഇരുപത് വരിയിൽ ഒതുക്കിപ്പറഞ്ഞിരിക്കുന്നത്. ആബുസാഹിബിന് എങ്ങനെയാണ് ഇതു വിഭാവനം ചെയ്യാൻ കഴിഞ്ഞത് എന്നൊക്കെ അത്ഭുതപ്പെടുമായിരുന്നു പി.ടി. ആ നിലപാടാണു ശരി. പാടുക, അതു മാത്രമാണെന്റെ പണി.

*❓ മൂസക്ക പാടിത്തുടങ്ങുന്ന കാലത്തു തന്നെ മാപ്പിളപ്പാട്ടു വേദിയിൽ തിളങ്ങിനിന്നിരുന്ന ഒരു പാട്ടുകാരനാണല്ലോ എം.പി ഉമ്മർകുട്ടി. തലശ്ശേരിക്കാരനാണ്. അദ്ദേഹവുമായുള്ള ബന്ധം എങ്ങനെയായിരുന്നു*

അങ്ങേയറ്റം സാത്വികനായ ഒരാളായിരുന്നു ഉമ്മർട്ടിക്ക. ഒരു ട്രാവൽ ഏജൻസിയുണ്ടായിരുന്നു. കോഴിക്കോട്ട് പാളയം ബസ്റ്റാന്റിനടുത്ത് ഒരു ഹോട്ടലിന്റെ മാളികമേലായിരുന്നു ട്രാവൽസും ഓഫീസുമൊക്കെ. അവിടെയാണ് എല്ലാ പാട്ടുകാരും മറ്റ് ആർട്ടിസ്റ്റുകളും ഒത്തുകൂടുക. അവിടെയാണ് ആൾക്കാർ പരിപാടി ബുക്കുചെയ്യാനും ചെല്ലുക. മൊത്തം പരിപാടിയെക്കുറിച്ച് ഉമ്മർട്ടിക്കാനോടു സംസാരിക്കും. വന്നയാളുമായി പൈസയൊക്കെ പറ

**ഞാൻ ധാരാളം പാട്ടുകൾ പാടിയിട്ടുണ്ട്. എന്നാൽ ഒരൊറ്റ പാട്ടുപോലും എഴുതിയിട്ടില്ല. ഒരു പാട്ടിനുപോലും സംഗീതം നൽകിയിട്ടുമില്ല. അതൊക്കെ ചെയ്യുന്നവരുണ്ടാകാം. സ്വന്തം രചന സ്വയം ട്യൂൺ ചെയ്ത് ആലപിക്കുന്നവരുടെ കാലമാണ് ഇത്. പക്ഷേ ഞാനങ്ങനെയൊന്നും ചെയ്തിട്ടില്ല. നല്ല അറിവും കഴിവുമുള്ള എഴുത്തുകാരുടെ പാട്ടുകളെടുത്ത് പാടുകയാണ് എപ്പോഴും ചെയ്തിട്ടുള്ളത്.**

പി.ടി അബ്ദുറഹ്മാൻ, കൃഷ്ണദാസ് വടകര



(c) https://welikeindianmuslims.blogspot.in



## എരഞ്ഞോളി മൂസ (വലിയകത്തു മൂസ)

18 മാർച്ച് 1940 ജനനത്തീയതി.

പിതാവ്: വലിയേടത്ത് അബ്ദു. മീൻമാർക്കറ്റിലെ ദല്ലാൾ.

മാതാവ്: വലിയകത്ത് ആസ്യ.

സ്കൂൾ: പാറാൽ മാപ്പിള സ്കൂൾ

ഒന്നാംക്ലാസ് വിദ്യാഭ്യാസം

മദ്രസ: കോട്ടപ്പാറ മദ്രസ

ജോലി: കോട്ടപ്പാറ കരിങ്കൽകോറി-പതിനൊന്നാം വയസ്സിൽ

കുഞ്ഞിക്കൂനം യുടിസി തീപ്പെട്ടിക്കമ്പനി

തലശ്ശേരി ടൗണിലെ ചുമട്ടുതൊഴിലാളി

1972-ആദ്യത്തെ എൽ പി റിക്കാഡ്-ആകാശം ഭൂമി, മൈലാഞ്ചിയരച്ചല്ലോ എന്നീ പാട്ടുകൾ

സിനിമ- പതിനാലാം രാവ്,-സലാം കാരശ്ശേരി, ഗ്രാമഫോൺ, മഞ്ഞുപോലെ ഒരു പെൺകുട്ടി, കമൽ,

ആദാമിന്റെ മകൻ അബു

ഭാര്യ-ആയിശു

മൂന്ന് ആൺമക്കളും മൂന്നു പെൺമക്കളും


വിലാസം: കസ്റ്റംസ് റോഡ്, തലശ്ശേരി-1

ഞ്ഞ് ധാരണയാക്കിയിട്ടുണ്ടാകും. അടുത്ത ദിവസം ബുക്കിംഗ് നടത്താമെന്നും പറഞ്ഞുപിരിയും. അവിടെയിരിക്കുന്നവരിൽ ചില ദുഷ്ടൻമാരുണ്ടായിരുന്നു. അവരെ അങ്ങനെയല്ലാതെ വിളിക്കാൻ കഴിയില്ല. ഉമ്മർട്ടിക്കാന്റെ കൂടെക്കൂടി ചോറും ചായയുമൊക്കെ വാങ്ങിക്കഴിച്ച് കഴിയുന്ന ചിലർ. പരിപാടി ബുക്കു ചെയ്യാൻ വരുന്നവരുടെ കൂടെപ്പോയി നമ്മളില്ലേ ഇവിടെ എന്നും പറഞ്ഞ് ഉമ്മർട്ടിക്കാ സംസാരിച്ചുവെച്ച പരിപാടി തട്ടിയെടുക്കുന്നവർ. എന്നാലുണ്ടോ വല്ല പരാതിയും. അതുമില്ല, ആരെയും കുറ്റപ്പെടുത്തുകയുമില്ല. ഇതൊന്നും വെറുതെ പറയുന്നതല്ല, നേരിട്ടുള്ള അനുഭവമാണ്. മഹാനായ മനുഷ്യൻ. അതുകൊണ്ടുതന്നെയാകണം വല്ലാതെ ബുദ്ധിമുട്ടിക്കാതെ പടച്ചോൻ അദ്ദേഹത്തെ അങ്ങു കൊണ്ടുപോയത്.

**?** *പഴയ തലമുറക്കാരായ മാപ്പിളപ്പാട്ടാസ്വാദകരുടെ മനസ്സിൽ മായാതെ കിടക്കുന്ന ഒരു പരിപാടിയാണു മാപ്പിളപ്പാട്ടു മത്സരം. എൺപതുകളിലാണ് അതു വളരെ സജീവമായിരുന്നത്. മാപ്പിളപ്പാട്ടിനു വലിയ ഉണർവുണ്ടാക്കിയ സംഭവം. പലരും ഗൃഹാതുരത്വത്തോടെ സംസാരിക്കുന്നതു കേട്ടിട്ടുണ്ട്. മൂസക്കയും മത്സരരംഗത്തുണ്ടായിരുന്നല്ലോ. എന്തൊക്കെയാണ് അതുമായി ബന്ധപ്പെട്ടുള്ള മധുരസ്മരണകൾ*

എസ്.എം.കോയ, കെ.എസ്.മുഹമ്മദുകുട്ടി, എ.വി.മുഹമ്മദ്, കെ.ടി. മുഹമ്മദുകുട്ടി തുടങ്ങി അന്നത്തെ മികച്ച പാട്ടുകാർ പങ്കെടുത്തിരുന്ന മത്സരമായിരുന്നു അത്. ഒരാൾക്കു മുക്കാൽ മണിക്കൂർ നേരമാണ് അനുവദിക്കുക. വിധികർത്താക്കളുണ്ടാകും. അധികവും കിട്ടുക വി.എം.കുട്ടിക്കാണ്. മാപ്പിളപ്പാട്ടുകാർക്കിടയിൽ അയാൾക്കു ഞാനും ഒന്നാം സ്ഥാനമാണു കൊടുക്കുക. എന്താണു കാര്യമെന്നു വെച്ചാൽ മാപ്പിളപ്പാട്ടിന് ഇത്രയേറെ പ്രചാരം നൽകിയ മറ്റൊരാളില്ല. ആ സത്യം വിളിച്ചുപറഞ്ഞേ പറ്റൂ. വടകര കൃഷ്ണദാസിനെപ്പോലെയുള്ള നല്ലനല്ല പാട്ടുകാരെ കണ്ടെത്തും. നല്ലനല്ല പാട്ടുകാരികളെയും കണ്ടെത്തും. ഒന്നാന്തരം ഓർക്കസ്ട്ര സംഘടിപ്പിക്കും. അവരെക്കൊണ്ടു പാടിക്കും. അയാൾ പാടാനൊന്നും നിൽക്കുകയില്ല. ചിലപ്പോൾ കോറസ് പാടാൻ വരെ തയ്യാറാവുകയും ചെയ്യും. ഇതാണ് അദ്ദേഹത്തിന്റെ വലിയ സേവനം. അതുകൊണ്ടാണ് അയാളുടെ ടീമിന് ഒന്നാംസമ്മാനമൊക്കെ കിട്ടുന്നത്. അയാൾ പാടുന്നില്ലല്ലോ എന്നൊക്കെ ആൾക്കാർ പരാതി പറയും. പാടണ്ട, അയാൾ സംഘടിപ്പിക്കുന്നുണ്ടല്ലോ. അതുകൊണ്ട് ഞാൻ പറയും: മാപ്പിളപ്പാട്ടുകാർക്കിടയിൽ ഒന്നാമതു സംഘം അദ്ദേഹത്തിന്റേതാണ്. രണ്ടാമതായി എന്നെയോ മറ്റാരെയെങ്കിലുമോ കാണാം. ഇപ്പോൾ വിശ്രമജീവിതം നയിക്കുകയാണ് അദ്ദേഹം. ഇതുപോലെ ത്യാഗം ചെയ്തവരാണ് എ.വി.മുഹമ്മദുകുട്ടിയും കെ.ടി.മുഹമ്മദുകുട്ടിയും. ഇവരെല്ലാം നല്ല പാട്ടുകൾ തന്നെയാണു പാടിയത്. തനിമയാർന്ന മാപ്പിളപ്പാട്ടുകൾ. മാപ്പിളപ്പാട്ടിന് ഒരു ക്ഷീണവും വരാതെ നോക്കിയതവരാണ്. അവരൊക്കെയാണു മത്സരത്തിനുണ്ടാവുക. മിക്കപ്പോഴും ഈ മൂന്നു കുട്ടിമാരും കുട്ടിയല്ലാത്ത ഞാനുമാണ് മത്സരരംഗത്തുണ്ടാവുക. കേരളത്തിന്റെ പല ഭാഗത്തുവെച്ചും മത്സരം നടന്നിട്ടുണ്ട്. വടകരയിൽ വെച്ചു നടന്ന മത്സരത്തിലാണ് എന്റെ ടീമിനു നാലിനത്തിലും ഒന്നാം സമ്മാനം കിട്ടിയത്. നല്ല ഗായകൻ, നല്ല ഗായിക, നല്ല സംഗീത സംവിധായകൻ, നല്ല ഓർക്കസ്ട്ര എല്ലാം ഞങ്ങളു

(c) https://welikeindianmuslims.blogspot.in



സുഹൃത്തുക്കൾക്കൊപ്പം

ടെ ടീം. അവിടെ ഏതോ സ്കൂളിന്റെ ധനശേഖരണാർത്ഥമായിരുന്നു പരിപാടി. സംഘാടകരിൽ സി.എച്ച് മുഹമ്മദുകോയയുമൊക്കയുണ്ടായിരുന്നു. പ്രേംനസീറായിരുന്നു സമ്മാനദാനം നിർവഹിച്ചത്.

? *ആസ്വാദകർ പല തരക്കാരായിരിക്കും. അവരുടെ വ്യത്യസ്തങ്ങളായ അഭിരുചികളെ തൃപ്തിപ്പെടുത്തുന്ന തരത്തിലാണ് ഗായകസംഘങ്ങൾ പരിപാടി ആസൂത്രണം ചെയ്യുക. പാട്ടുകാരെ തിരഞ്ഞെടുക്കുമ്പോഴും അതു ശ്രദ്ധിക്കാറുണ്ട്. പ്രത്യേകിച്ചും ഫീമെയ്ൽ വോയ്സിന്റെ കാര്യത്തിൽ. എന്നാൽ മൂസക്കാന്റെ കാര്യത്തിൽ ഇതു വളരെ വ്യത്യസ്തമാണ്. മൂസക്കാന്റെ ഗാനമേളക്ക് ആളുകൾ വരുന്നത് മൂസക്കാന്റെ പാട്ടുമാത്രം കേൾക്കാനാണ്. ഫീമെയ്ൽ വോയ്സുപോലും അവിടെ പ്രസക്തമല്ല. മിക്കവാറും വേദികളിൽ ഒരേ പാട്ടുതന്നെയാവും പാടുന്നത്. എത്ര തവണ കേട്ടാലും മടുക്കാത്ത ആസ്വാദകർ. അതേ പാട്ടുകൾ തന്നെ അവർ ഇലക്ട്രോണിക് ഉപകരണങ്ങളിലൂടെയും കേൾക്കുന്നു. അതേ പാട്ടുകൾ മറ്റാരു പാടിയാലും തൃപ്തിവരാത്ത ആസ്വാദകർ. എന്താണ് ഇതിന്റെ രഹസ്യം*

ഈ അടുത്ത കാലത്ത് ഇക്കാര്യം സ്വയം മനസ്സിലാക്കാൻ ഒരവസരം കിട്ടി. റിഥം കൾച്ചറൽ ഫോറം എന്ന പേരിൽ പാട്ടുകാരുടെ ഒരു സംഘടനയുണ്ട്. അതിന്റെയാളാണു ജ്യോതി. പട്ടുറുമാലിന്റെ ആദ്യത്തെ സംവിധായകൻ ജ്യോതിയായിരുന്നു. ജ്യോതി വള്ളല്ലൂർ. തിരുവനന്തപുരത്തുകാരനാണ്. എല്ലാ കൊല്ലവും അവർ റിഥത്തിന്റെ വാർഷികം നടത്താറുണ്ട്. എരഞ്ഞോളി മൂസയുടെ പാട്ടുകൾ മാത്രം പാടുന്ന ഒരു പരിപാടിയാണ് തീരുമാനിച്ചത്. കോഴിക്കോട് ടൗൺഹാളിലാണു പരിപാടി. ഇരുപത് ഇരുപത്തിരണ്ട് ഗായകർ അംഗങ്ങളാണതിൽ. അവരെല്ലാവരും എന്റെ ഓരോ പാട്ടുകൾ പാടും. അതാണു രീതി. ടൗൺഹാൾ നിറയെ ജനം. ഓരോ പാട്ടുകഴിയുമ്പോഴും ആസ്വാദകർ സദസ്സിൽ നിന്നു വിളിച്ചുപറയുന്നുണ്ടായിരുന്നു: നന്നായിട്ടില്ലെടാ മോനേ, ഒന്നുകൂടെ പഠിച്ചിട്ടു പാട്, എന്തിനാണ് അയാൾ അസ്സലായി പാടിയ പാട്ടു പാടി നശിപ്പിക്കുന്നത് എന്നൊക്കെ. എന്നെ അവർ കാണുന്നില്ല, അവർ പറയുന്നത് എനിക്കു കേൾക്കുകയും ചെയ്യാം. ഞാൻ എന്നെ കണ്ടെത്തിയ സന്തോഷമുഹൂർത്തമായിരുന്നു അത്. എന്റെ ജീവിതത്തിലെ ഏറ്റവും സന്തോഷം തോന്നിയ സന്ദർഭങ്ങളിൽ ഒന്ന്. എന്റെ

**മാപ്പിളപ്പാട്ടുകാർക്കിടയിൽ അയാൾക്കു ഞാനും ഒന്നാംസ്ഥാനമാണു കൊടുക്കുക. എന്താണു കാര്യമെന്നുവെച്ചാൽ മാപ്പിളപ്പാട്ടിന് ഇത്രയേറെ പ്രചാരം നൽകിയ മറ്റൊരാളില്ല. ആ സത്യം വിളിച്ചുപറഞ്ഞേ പറ്റൂ. വടകര കൃഷ്ണദാസിനെപ്പോലെയുള്ള നല്ലനല്ല പാട്ടുകാരെ കണ്ടെത്തും. നല്ലനല്ല പാട്ടുകാരികളെയും കണ്ടെത്തും. ഒന്നാന്തരം ഓർക്കസ്ട്ര സംഘടിപ്പിക്കും.**

(c) https://welikeindianmuslims.blogspot.in

പാട്ടുകൾ ഞാൻ എങ്ങനെയാണു പാടിയതെന്ന് എനിക്കു മനസ്സിലാക്കാൻ കിട്ടിയ അവസരമായിരുന്നു അത്.

ഈ പരിപാടിയുടെ വിജയം കണ്ട് എം.എ ഗഫൂർ കുറ്റിച്ചിറയിൽ ഒരു പരിപാടി വെച്ചു. അതും എന്റെ പാട്ടുകൾ മാത്രം പാടുന്ന പരിപാടി. ഗഫൂറും ഒരു ഫീമെയ്‌ലും. നിറഞ്ഞസദസ്സ്. അവർ പക്ഷേ നന്നായി പാടി. ഇ.ടി. മുഹമ്മദ് ബഷീറും എം.കെ.മുനീറുമൊക്കെയുണ്ടായിരുന്നു, പരിപാടി കേൾക്കാൻ. ദുബായിലും ഇതുപോലെ ഒരു പരിപാടി നടന്നു. നെല്ലറക്കാരായിരുന്നു സംഘാടകർ. എന്റെ മാത്രം പാട്ടുകൾ പാടുന്ന പരിപാടി. നാലഞ്ചുപാട്ടുകാരെ കൊണ്ടുപോയിരുന്നു. എനിക്കൊരു സ്വീകരണവും ഉണ്ടായിരുന്നു.

**?** *'പതിനാലു നൂറ്റാണ്ടു പിമ്പെന്തിനീ / പാപിയീ മണ്ണിൽ പിറന്നുവീണൂ' എന്ന പാട്ട് കാനേഷ് എഴുതിയതാണല്ലോ. പ്രവാചകനോടുള്ള സ്നേഹമാണു വിഷയം. ആ പാട്ടിനെ കുറിച്ചു പറയുമ്പോഴൊക്കെ, രചനയിൽ ആവേശഭരിതരായ ആസ്വാദകരുടെ പ്രതികരണങ്ങളെ കുറിച്ച് അദ്ദേഹം വാചാലനാകാറുണ്ട്. 'മക്കാ നഗരമേ കരയൂ / പാപംതൻ നഗരമേ കരയൂ' എന്ന പാട്ട് ജമാൽ കൊച്ചങ്ങാടി പ്രവാചകനെ കുറിച്ചെഴുതിയ വ്യത്യസ്തങ്ങളായ പത്തുപാട്ടുകളിൽ ഒന്നാണ്. അദ്ദേഹത്തിനും രചയിതാവ് എന്ന നിലയിൽ അനുഭവങ്ങൾ പങ്കുവെയ്ക്കാനുണ്ട്. ഇതൊക്കെ മൂസക്കയുടെ മികച്ച പാട്ടുകളുമാണ്. ഇത്തരം പാട്ടുകൾ പാടിയപ്പോഴും സമാനമായ പ്രതികരണങ്ങൾ ഉണ്ടായിരിക്കാനിടയുണ്ടല്ലോ.*

ഉണ്ട്. 'കെട്ടുകൾ മൂന്നും കെട്ടീ' എന്ന പാട്ട് പ്രേംസൂറത്ത് എഴുതിയതാണ്. ഞാൻ എല്ലാ വേദികളിലും അതു പാടാറുമുണ്ട്. ചില ആളുകൾക്ക് അതു കേൾക്കാൻ പോലും ഭയമാണ്. മതപ്രസംഗവേദികളിലൊക്കെ വ്യാപകമായി ഉദ്ധരിക്കപ്പെടുന്ന പാട്ടാണത്. സമദാനിയൊക്കെ അങ്ങനെ പറയാറുണ്ട്. ഗൾഫാർ മുഹമ്മദലിയുടെ മകളുടെ കല്യാണം ഹോട്ടൽ ലേ മെറിഡിയനിൽ വെച്ചു നടക്കുന്നു. എന്റെ പാട്ടുപരിപാടിയുമുണ്ട്. നിക്കാഹിനു മുന്നെയാണു പാട്ട്. ശിഹാബുതങ്ങളാണു നിക്കാഹു ചെയ്യുന്നത്. അന്നു ഞാൻ പുകവലിക്കും. അതു നിർത്തിയിട്ടു മൂന്നു വർഷമേ ആയിട്ടുള്ളൂ. അതിനു മുമ്പത്തെ കാര്യമാണ്. പാട്ടും പരിപാടിയുമൊക്കെ കഴിഞ്ഞപ്പോൾ എനിക്കു പുകവലിക്കണമെന്നു തോന്നി. വല്ലാതെ മുട്ടിയപ്പോൾ ഞാനും കൂടെയുള്ള ഒന്നുരണ്ടുപേരും കൂടി ഹോട്ടലിന്റെ പുറത്തേക്കിറങ്ങി. ഒരു കലുങ്കിനു മേലെ കാലെടുത്തുവെച്ചുകൊണ്ടു പുകവലിക്കുന്നു. അപ്പോൾ ഒരു കാർ വന്നു പെട്ടെന്നു മുന്നിൽ നിർത്തി. കൈയിൽ അപ്പോഴും പുകയുന്ന സിഗരറ്റുണ്ട്. കാറിന്റെ ഗ്ലാസു താഴ്ന്നു. നോക്കുമ്പോൾ തങ്ങളാണ്. ഉടനെ സിഗററ്റു കളഞ്ഞു. കാലും താഴ്ത്തിവെച്ചു. തങ്ങൾ അടുത്തേക്കു വിളിച്ചു. എന്റെ തൊണ്ട തലോടിക്കൊണ്ട് തങ്ങൾ പറഞ്ഞു: 'ഇതു നമുക്കു വല്യ ഇഷ്ടമുള്ള സംഗതിയാ. അതിനെ നശിപ്പിക്കുന്നതൊന്നും ചെയ്യരുത്.' അതിനു ശേഷം എന്നോടു പറഞ്ഞു: 'കെട്ടുകൾ മൂന്നും കെട്ടീ' എന്ന പാട്ട് കിട്ടുന്ന എല്ലാ വേദികളിലും പാടണം. അതുകൊണ്ടു ഗുണം കിട്ടും.' അതെനിക്കു കിട്ടിയ ഒരനുഗ്രഹമാണ്.


കാസർക്കോട്ടുകാരനായ വേറൊരു ശിഹാബു തങ്ങൾ. പാനൂരിൽ ഒരു മതപ്രസംഗസദസ്സിന്റെ സമാപനത്തിനു വരുന്നു. എരഞ്ഞോളി മൂസയെ വേദിയിൽ കൊണ്ടുവരണമെന്നു തങ്ങൾ സംഘാടകരോടു പറഞ്ഞു. അവർ എന്നെയും കൂട്ടിപ്പോയി. പള്ളിയോടു ചേർന്നാണു വേദി. നിറയെ ജനം. മതപ്രസംഗവേദിയിൽ ഞാനെന്തുചെയ്യാനാണ് എന്ന വേവലാതിയിലായിരുന്നു ഞാൻ. അന്നേരമാണ് 'ആദ്യം നിങ്ങൾ, പിന്നെ ഞാൻ' എന്നു തങ്ങൾ പറയുന്നത്. 'ഞനെന്തു ചെയ്യാനാ തങ്ങളേ' എന്നു ചോദിച്ചു. 'നിങ്ങൾ മൂന്നു പാട്ടുകൾ പാടണം. ഓമന മുഹമ്മദിനെ എന്ന പാട്ട് ആദ്യം പാടണം. എല്ലാരും ഒരുമ്മ പെറ്റ മക്കളാണെന്ന ആശയമുള്ള എന്തെല്ലാം വർണങ്ങൾ എന്ന പാട്ടു രണ്ടാമത്. ഒടുവിൽ കെട്ടുകൾ മൂന്നും കെട്ടീ എന്ന പാട്ടും പാടണം.' ഇതായിരുന്നു അദ്ദേഹത്തിന്റെ പ്ലാൻ. അതൊക്കെ എന്റെ പാട്ടുകേട്ട ആസ്വാദകരുടെ പലതരം പ്രതികരണങ്ങളിൽ ചിലതാണ്.

**?** *ആശാരി വാസു നിങ്ങൾ പാട്ടുകാരനായിത്തീരാൻ വേണ്ടി പശുവിൻനെയ് കുടിപ്പിക്കുന്നു. പി.കെ.അബൂട്ടി പാട്ടിന് എല്ലാവർക്കും ആസ്വദിക്കാവുന്ന തരത്തിൽ സംഗീതം നൽകുന്നു. കെ.രാഘവൻമാഷ് ആകാശവാണിയിൽ മാപ്പിളപ്പാട്ടു പാടാൻ അവസരമൊരുക്കുന്നു. ക്രിസ്ത്യൻ ഭക്തിഗാനങ്ങളുടെ ചുവടുപിടിച്ച് പാഷാഭായ് സംഗീതം ചെയ്യുന്നു. അങ്ങനെ മാപ്പിളമാരുടെ മാത്രം പാട്ടല്ല, മാപ്പിളപ്പാട്ട് എന്നും അതു മലയാളികളുടെ പൊതുസ്വത്താണെന്നും സ്ഥാപിക്കാൻ ഒരു ശ്രമം നടക്കുന്നു. എന്തെങ്കിലും ഫലമുണ്ടായോ*

**ഓരോ പാട്ടുകഴിയുമ്പോഴും ആസ്വാദകർ സദസ്സിൽ നിന്നു വിളിച്ചുപറയുന്നുണ്ടായിരുന്നു: നന്നായിട്ടില്ലെടാ മോനേ, ഒന്നുകൂടെ പഠിച്ചിട്ടു പാട്, എന്തിനാണ് അയാൾ അസ്സലായി പാടിയ പാട്ടു പാടി നശിപ്പിക്കുന്നത് എന്നൊക്കെ. എന്നെ അവർ കാണുന്നില്ല, അവർ പറയുന്നത് എനിക്കു കേൾക്കുകയും ചെയ്യാം. ഞാൻ എന്നെ കണ്ടെത്തിയ സന്തോഷമുഹൂർത്തമായിരുന്നു അത്.**

തീർച്ചയായും. നന്തി റെയിൽവെ മേൽപാലത്തിന്റെ പണി നടക്കുന്ന സമയത്ത്, ഗൾഫിലേക്കു പോകുന്ന വഴിയിൽ ഞാൻ ഒരിക്കൽ ആ ഗെയിറ്റിൽ കുടുങ്ങി. പാലത്തിനു തൂണുകെട്ടിയതിനടിയിൽ ഒരു ചെറിയ പെട്ടിക്കട. ഞാൻ സിഗററ്റു വാങ്ങാൻ അവിടെ കേറി. അപ്പോൾ കടയിലെ പയ്യൻ 'മൂസക്കയല്ലേ' എന്നു ചോദിച്ചു. ഞാൻ അതേന്നു പറഞ്ഞു. ഒരു മിനിട്ടൊന്ന് എന്റെ കൂടെ വരണം എന്നു പറഞ്ഞു. തൊട്ടു പിന്നിലുള്ള കുടിലിലേക്കാണു പോയത്. അവിടെ അൽപം പ്രായമുള്ള ഒരു സ്ത്രീ ഇരിക്കുന്നു. 'അമ്മേ, ഇതാരാന്നറിയോ' എന്നു ചോദിച്ചു. 'ഇതാണ് അമ്മയുടെ എരഞ്ഞോളി മൂസ' എന്നു പറഞ്ഞു

(c) https://welikeindianmuslims.blogspot.in



എരഞ്ഞോളി മൂസ (ആദ്യകാലചിത്രം)

(c) https://welikeindianmuslims.blogspot.in

തീരേണ്ട താമസം 'എന്റമ്മോ'ന്നുള്ള ഒരു നിലവിളിയായിരുന്നു. 'നിങ്ങളെ ജീവനോടെ എന്റമ്മയ്ക്കൊന്നു കാണിച്ചുകൊടുക്കണമെന്നത് എന്റെ വലിയ ആഗ്രഹമായിരുന്നു. അതേതായാലും ഇന്നു നടന്നു. എന്താന്നറിയില്ല, അമ്മയ്ക്കു നിങ്ങളുടെ ഒരു പാട്ടെങ്കിലും കേൾക്കാതെ ഒരു ദിവസം തള്ളിനീക്കാനാവില്ല എന്നതാണു സ്ഥിതി.' ഞാൻ ആ അമ്മയോട് എന്താ കാരണം എന്നു ചോദിച്ചു. 'അതെനിക്കിഷ്ടാ' എന്നു മാത്രമായിരുന്നു മറുപടി. ഞാൻ ദുബായിൽ നിന്നു തിരിച്ചുവരുമ്പോൾ ആ പ്രായമുള്ള സ്ത്രീക്കു വേദനയ്ക്കു പുരട്ടുന്ന കുറച്ചു ബാമും ഓയിലുമൊക്കെ ഓർമിച്ചു കൊണ്ടുകൊടുത്തു.

? *ആദ്യമായി പൊതുവേദിയിൽ പാടുന്നത് ശ്രീനാരായണമഠത്തിലാണ്. അതുപോലെ മാപ്പിളമാരുടേതു മാത്രമല്ലാത്ത വേദിയിൽ പരിപാടി അവതരിപ്പിക്കാൻ കഴിഞ്ഞ മറ്റു വല്ല അനുഭവവുമുണ്ടോ*

എത്രയോ ഉണ്ട്. കോഴിക്കോട് ഇൻഡോർ സ്റ്റേഡിയത്തിനു പുറകിലുള്ള ശ്രീനാരായണഹാളിൽ ശ്രീനാരായണജയന്തിയോടനുബന്ധിച്ചുള്ള പരിപാടി നടക്കുന്നു. എന്നെയാണു ഗാനമേളയ്ക്കു വിളിച്ചിരിക്കുന്നത്. കോഴിക്കോട്ടെ പേരുകേട്ട പുഷ്പ സൗണ്ടുകാരാണു പരിപാടി ബുക്കു ചെയ്തത്. ഹിന്ദിയും തമിഴും ലളിതഗാനവുമൊക്കെ പാടുന്ന ആൾക്കാരെയുംകൊണ്ടാണു ഞാൻ പോയത്. ആദ്യം തന്നെ സതീഷ് എന്ന പാട്ടുകാരനെ കൊണ്ട് ഒരു പാട്ടുപാടിച്ചു. ഒരു മതമൈത്രീഗാനം. അതു കഴിഞ്ഞപ്പോൾ സംഘാടകരിൽ ഒരാൾ വന്നു പറഞ്ഞു: 'നിങ്ങൾ മാപ്പിളപ്പാട്ടു മാത്രമാണു പാടേണ്ടത്. മറ്റുവല്ലതുമായിരുന്നെങ്കിൽ ഞങ്ങൾ യേശുദാസിനെ വിളിക്കുമായിരുന്നല്ലോ.' 'ഈ അമ്പലമുറ്റത്തോ' എന്നു ചോദിച്ചപ്പോൾ 'ഞങ്ങളല്ലേ നിങ്ങളെ വിളിച്ചത്' എന്ന ചോദ്യമായിരുന്നു മറുപടി. അവസാനം, തയ്യാറാക്കിപ്പോയ പ്ലാൻ മുഴുവൻ മാറ്റേണ്ടിവന്നു. മാപ്പിളപ്പാട്ടു മാത്രമായി പാടേണ്ടിവന്നു. അതു ഞാൻ ഒട്ടും പ്രതീക്ഷിക്കാത്ത ഒരു കാര്യമായിരുന്നു. എന്റെ പരിപാടി നടക്കുന്ന സദസ്സ് ഒന്നു ശ്രദ്ധിച്ചാൽ മതി, മാപ്പിളമാരല്ലാത്ത മാപ്പിളപ്പാട്ടാസ്വാദകർ എത്രയുണ്ട് എന്നു ബോധ്യപ്പെടാൻ. അത്രയും ആൾക്കാർ വരാറുണ്ട്.

കെ. രാഘവൻ മാസ്റ്റർ



? *ആശാരിവാസുവിന്റെ മോഹം ഫലിച്ചു. അയാളുടെ അദ്ധ്വാനം ഫലവത്തായി. മൂസക്ക വലിയ പാട്ടുകാരനായിത്തീരാൻ വേണ്ടി പണിയെടുത്തവർക്ക് അതു കാണാൻ അവസരമുണ്ടായോ*

കുട്ടിക്കാലത്തെ കാര്യമാണ്. ആശാരിവാസുവും നൈസാം ഭരതനും പൊഴക്കര അബൂട്ടിയും ചേർന്നാണ് എന്നെ പാട്ടുകാരനാക്കിയത്. എന്നെ പാട്ടുകാരനാക്കാൻ വേണ്ടി അവർ നടക്കുകയായിരുന്നെന്നു പറഞ്ഞാൽ വിശ്വസിക്കാൻ പ്രയാസമായിരിക്കും. എന്നാൽ കാര്യം അങ്ങനെയാണ്. പാടാൻ അവസരം കിട്ടുമെന്നു കരുതി എത്രദൂരമാണ് അവർ എന്നെയും കൊണ്ടു തെണ്ടിയിട്ടുള്ളത്. എത്രയെത്ര കല്യാണവീടുകളിലാണ് ചെന്നുമുട്ടി അവസരങ്ങളുണ്ടാക്കിയിട്ടുള്ളത്. അതിനിടയിലാണ് എരഞ്ഞോളി ഗ്രാമീണകലാസമിതിയിൽ എന്നെ ഉൾപ്പെടുത്തുന്നത്. ഒരു പാട്ടുകാരനായി മാറാനുള്ള അവസരം എന്റെ മുമ്പിൽ തുറന്നിരിക്കുന്നുവെന്ന് വാസുവിനു മനസ്സിലായി. പിന്നെ അവനു പൊറുതികേടായിരുന്നു. എന്റെ പാട്ടു നന്നാകാൻ എന്താണു ചെയ്യേണ്ടത് എന്ന് അന്വേഷിച്ചുനടക്കലായിരുന്നു പിന്നെ അവനു പണി. വടക്കുമ്പാടു ഭാഗത്ത് ഒരു കൃഷ്ണൻ ഭാഗവതരുണ്ടായിരുന്നു. അവിടെ വരെ അവൻ തനിച്ചു പോയി. 'എന്റെ കൂട്ടുകാരൻ ഒരു പാട്ടുകാരനുണ്ട്. അവന്റെ കൂറ്റു നന്നാവാൻ എന്താണു ചെയ്യേണ്ടത്?' ഭാ

(c) https://welikeindianmuslims.blogspot.in



എരഞ്ഞോളി മൂസ, ഭാര്യ ആയിശു



എരഞ്ഞോളി മൂസ, താജുദ്ദീൻ വടകര(ഇടത്തുനിന്ന് മൂന്നാമത്)

ഗവതർ പറഞ്ഞു: 'വെള്ളത്തിൽ ഇറങ്ങിനിൽ
നൊക്കെ ഉപദേശിക്കും ചിലർ. അതൊന്നും ചെ
രുത്. നല്ലോണം തിന്നാൻ കൊടുക്കുക. ഹാർട്ടി
ശക്തിയുണ്ടാവട്ടെ. പശുവിൻ നെയ് കട്ടൻചായയി
ചേർത്തുകൊടുക്കുന്നതു നല്ലതാണ്.' പശുവിൻ നെ
യ് വാങ്ങണമെങ്കിൽ പണം വേണമല്ലോ. അതവ
യോ എന്റെയോ കൈയിലില്ല. കൊളശ്ശേരിയാണു ഞ
ങ്ങളുടെ ബസാർ. അവിടെ എല്ലാ സാധനങ്ങളും കി
ട്ടുന്ന രണ്ട് അനാദിക്കടകളുണ്ട്. ഒന്ന് കിട്ടൻചെട്ട്യാ
ടേത്. മറ്റേതു ഗോവിന്ദൻനായരുടേതും. വൈകുന്നേ
രമാകുമ്പോൾ വലിയ ആൾത്തിരക്കായിരിക്കും അ
വിടെ. എണ്ണയിനങ്ങളൊക്കെ പുറത്തു ടിന്നുകളില
ണു വെയ്ക്കുക. അക്കൂട്ടത്തിലാണു പശുവിൻനെയ്യു
മുണ്ടാകുക. അതിനടുത്തേക്കാണു, പഴയ, മുട്ടോള
ഇറക്കമുള്ള കുപ്പായത്തിനടിയിൽ മൂടുവണ്ണമുള്ള ഒ
രു പാട്ടയും ഒളിപ്പിച്ച് വാസുപോവുക. അവിടെ സാ
ധനങ്ങൾ പൊതിഞ്ഞുകൊടുക്കുന്ന ഒരു ചെറുപ്പ
ക്കാരനുണ്ടായിരുന്നു. എല്ലാ പണിക്കുമിടയിൽ അ
വൻ അവിടെ നടക്കുന്ന കാര്യങ്ങളെല്ലാം ശ്രദ്ധിക്കു
ം. അവന്റെ കണ്ണുവെട്ടിക്കാൻ പാടാണ്. അതൊക്കെ
മറികടന്ന് വാസു ആ പാട്ടയിൽ പശുവിൻനെയ് കോ
രിയെടുക്കും. അതുമായി നേരെ വീട്ടിൽ വരും. കട്ടൻ
ചായയിൽ ചേർത്തു കുടിക്കാൻ പറയും. രണ്ടു ദിവ
സം കഴിയുമ്പോൾ വീണ്ടും ഇതാവർത്തിക്കും. ഒ
ന്നോർത്തുനോക്കുക, ഒരു തീയച്ചെക്കൻ ഒരു മാപ്പി
ളച്ചെക്കനെ പാട്ടുകാരനാക്കാൻ വേണ്ടി നടത്തിയ
ത്യാഗമാണത്. എവിടെ കളങ്കമില്ലാത്ത ആ സ്നേഹ
ബന്ധം? തകർത്തുകളഞ്ഞില്ലേ എല്ലാം. ഈയടു
ത്താണ് അവൻ മരിച്ചത്. രാഷ്ട്രീയകൊലപാതകിക
ൾ അവന്റെ മകനെ വെട്ടിനുറുക്കിക്കളഞ്ഞു. അതോ
ടെ അവനാകെ തകർന്നുപോയി. പുറത്തൊന്നും
പോകാതെയായി. എന്നാലും ഇടക്കൊക്കെ ഇവിടെ



(c) https://welikeindianmuslims.blogspot.in



ഫോട്ടോ: കെ.ടി ബൈജുരാജ്

എരഞ്ഞോളി മൂസ

വരുമായിരുന്നു. അങ്ങനെ പാട്ടുകാരനായവനാണു ഞാൻ.

*ആകെക്കൂടി നോക്കുമ്പോൾ മൂസക്കാന്റെ പാട്ടുജീവിതം ഒരുതരം ആത്മീയ വ്യവഹാരമായിരുന്നു എന്നു തോന്നുന്നു.*

അങ്ങനെയെനിക്കു പലപ്പോഴും തോന്നിയിട്ടുണ്ട്. ഞാനും എന്റെ പാട്ടും ലോകവും തമ്മിൽ അങ്ങനെയൊരു ബന്ധമാണുള്ളത്. കാസറ്റുകളുടെ കാലം. റിക്കാർഡിംഗ് നടക്കുമ്പോൾ ചില പാട്ടുകൾ ഞാൻ തന്നെ പാടണമെന്നു വാശിപിടിക്കുന്ന മ്യൂസിക് ഡയറക്ടർമാർ ഉണ്ടായിരുന്നു. അവർ എനിക്കായി കാത്തിരിക്കുമായിരുന്നു. 'പതിനാലു നൂറ്റാണ്ട്' ഒക്കെ അങ്ങനെ എന്നെത്തേടിവന്ന പാട്ടാണ്. ഗൾഫിലോ മറ്റോ ആണെങ്കിൽ ഞാൻ വരുന്നതു വരെ കാത്തിരിക്കും. അതൊന്നും കാര്യകാരണങ്ങളാൽ വിശദീകരിക്കാവുന്ന സംഗതിയല്ല. അതിനേക്കാൾ ആത്മീയമായ മറ്റൊരു കാര്യംകൂടിയുണ്ട്. ഞാൻ മക്കത്തു പോയിട്ടുണ്ട്. പരിപാടിക്കു ചെല്ലുന്നിടത്തുള്ള പ്രധാനപ്പെട്ട സ്ഥലങ്ങളെല്ലാം പോയിക്കാണാൻ എനിക്ക് അവസരം ലഭിക്കാറുണ്ട്. അങ്ങനെ മക്കയിലെ മിക്ക സ്ഥലങ്ങളും കണ്ടിട്ടുണ്ട്. ത്വാഇഫിൽ പോയിട്ടുണ്ട്. ഉഹ്ദിൽ പോയിട്ടുണ്ട്. സഫയിലും മർവയിലും പോയിട്ടുണ്ട്. ഹിറാഗുഹയുള്ള മലയിൽ കയറിയിട്ടുണ്ട്. അങ്ങനെയുള്ള ഒട്ടുമിക്കസ്ഥലങ്ങളിലും പോകാൻ കഴിഞ്ഞിട്ടുണ്ട്. അദ്ഭുതം എന്താന്നുവെച്ചാൽ, നേരത്തേ തന്നെ ഞാൻ പാടിപൊലിപ്പിച്ചിട്ടുള്ള സ്ഥലങ്ങളാണിതെല്ലാം എന്നതാണ്.

*ജീവിതത്തെ മാറ്റിത്തീർക്കുന്ന ആത്മീയശക്തിയായി പാട്ടു മാറുമെന്ന് മൂസക്കാന്റെ പാട്ടു ശ്രദ്ധിച്ച പലരും അനുഗ്രഹിച്ച കാര്യം പറഞ്ഞല്ലോ. സ്വന്തം ജീവിതത്തിൽ അതെങ്ങനെയാണു പ്രവർത്തിച്ചത്? ജീവിതത്തിൽ നിർണായകമായ വല്ല ഗതിമാറ്റങ്ങൾക്കും പാട്ടു നിമിത്തമായിട്ടുണ്ടോ*

പാട്ടുതന്നെയാണ് എന്നെ മാറ്റിമറിച്ചത്. മറ്റുള്ളവരെ സ്വാധീനിച്ചതിനേക്കാൾ എന്നെത്തന്നെയാണ് എന്റെ പാട്ടുകൾ സ്വാധീനിച്ചത്. ജീവിതത്തിന്റെ എല്ലാ അഴുക്കുചാലുകളിലും നീന്തിത്തുടിച്ചവനാണു ഞാൻ എന്നറിയാമല്ലോ. പത്തിരുപത്തെട്ടു കൊല്ലം മുമ്പത്തെ കഥയാണു പറയുന്നത്. കടുത്ത മദ്യപാനം. ഒരു കോർട്ടറും ഒരു മിനിയും - അതാണ് ഒരു നേരത്തെ അളവ്. അങ്ങനെ ഓരോ ദിവസവും രാവിലെ ഒമ്പതുമുതൽ

**കാറിന്റെ ഗ്ലാസു താഴ്ന്നു. നോക്കുമ്പോൾ തങ്ങളാണ്. ഉടനെ സിഗററ്റു കളഞ്ഞു. കാലും താഴ്ത്തിവെച്ചു. തങ്ങൾ അടുത്തേക്കു വിളിച്ചു. എന്റെ തൊണ്ട തലോടിക്കൊണ്ട് തങ്ങൾ പറഞ്ഞു: 'ഇതു നമുക്കു വല്യ ഇഷ്ടമുള്ള സംഗതിയാ. അതിനെ നശിപ്പിക്കുന്നതൊന്നും ചെയ്യരുത്.' അതിനു ശേഷം എന്നോടു പറഞ്ഞു: 'കെട്ടുകൾ മൂന്നും കെട്ടീ' എന്ന പാട്ട് കിട്ടുന്ന എല്ലാ വേദികളിലും പാടണം. അതുകൊണ്ടു ഗുണം കിട്ടും.' അതെനിക്കു കിട്ടിയ ഒരനുഗ്രഹമാണ്.**

രാത്രി ഒമ്പതു വരെ. ചുരുങ്ങിയത് പതിനെട്ടു തവണ. ഇരുപത്തിരണ്ടു തവണ വരെ കൂടാം. അതും പോരാഞ്ഞിട്ട് കറുപ്പു കഴിക്കും. ദിവസം മൂന്നു നേരം. ഉടുമുണ്ടു മാറ്റാത്ത കാലം. ചവിട്ടാൻ കാലിൽ ചെരിപ്പുപോലുമില്ലാത്ത ജീവിതം. സകലമനുഷ്യരും വെറുത്ത ഒരു ജൻമം. ബന്ധുക്കളും സുഹൃത്തുക്കളുമൊക്കെ എന്നെ നേരെയാക്കാനുള്ള എല്ലാ ശ്രമങ്ങളും നടത്തി

(c) https://welikeindianmuslims.blogspot.in

നോക്കി. വിസയും ടിക്കറ്റും യാത്രാചെലവിനുള്ള കാശും വരെ തന്ന് ഒരു സുഹൃത്ത് ഉംറയ്ക്കു വരെ അയച്ചു. ജിദ്ദയിൽ ചെന്നിട്ട് വാറ്റുചാരായത്തിന്റെ ഗുണപരിശോധകനായി മാറുകയാണുണ്ടായത്. ആരും പാട്ടിനു വിളിക്കാതായി. എല്ലാവരും മാറി നടക്കാൻ തുടങ്ങി. പത്തുരൂപ കടം ചോദിച്ചാൽ കിട്ടാത്ത സ്ഥിതി. തുണയും തണലുമായി ഭാര്യമാത്രം. കിട്ടുന്ന കാശു മുഴുവൻ എന്നെ നന്നാക്കാനായി നേർച്ച നേർന്ന് അവൾ മാത്രം കൂടെ നിന്നു. ഇത് കെട്ടജീവിതത്തിന്റെ ഒരു വശം മാത്രമാണ്. എന്നെ മനസ്സിലാക്കാൻ ഇത്രയും മതിയാകുമല്ലോ. മറ്റു കാര്യങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ഈ നരകക്കുണ്ടിൽ നിന്ന് എന്നെ കരകയറ്റാൻ പടച്ചോനൊഴികെ മറ്റാർക്കുമാവില്ലെന്ന് അനുഭവിച്ചു പഠിച്ചവനാണു ഞാൻ. എന്റെ പാട്ട് അവനും ഇഷ്ടമാണ്. നൻമയുടെ പാട്ടുപാടുന്നതല്ലാത്ത യാതൊരു നൻമയും ജീവിതത്തിലുണ്ടായിരുന്നില്ല. അതുകൊണ്ട് ഞാൻ ഉറച്ചുവിശ്വസിക്കുന്നു, എന്റെ പാട്ട് അവനിഷ്ടമാണ്. എന്നോടും അവനു വലിയ ഇഷ്ടമാണ്. മൂക്കുമുങ്ങാറായപ്പോൾ അവനെന്റെ കൈ പിടിച്ചു. നിങ്ങൾക്കറിയോ. നന്നാക്കാനുള്ള എല്ലാ ശ്രമങ്ങളെയും തകർത്തുകളഞ്ഞ ദീർഘകാലത്തെ മ

**ദാരിദ്ര്യമാണെനിക്കു പാരമ്പര്യമായി കിട്ടിയത്, പാട്ടല്ല. പാട്ട് പടച്ചോൻ എനിക്കു തന്നതാണ്. ഇക്കാലമത്രയും ഞാൻ പാടിക്കൊണ്ടിരിക്കുകയായിരുന്നു. നൻമയുടെ പാട്ടുകൾ. ഞാൻ പറഞ്ഞില്ലേ എന്നോടു വലിയ ഇഷ്ടാ പടച്ചോന്. ഞാൻ കളിച്ച കുരുത്തക്കേടിന്റെ കണക്കുനോക്കിയാൽ ദുനിയാവിൽ നിന്നുതന്നെ കരിഞ്ഞു പോകേണ്ടതാണ്. അതിൽ നിന്നെല്ലാം അവനെന്നെ കാത്തു.**

ദ്യപാനത്തോടു ഞാൻ വിട പറയുന്നതു വല്ലാത്തൊരു അനുഭവമാണ്. ആരുടെയും പ്രേരണയുണ്ടായിരുന്നില്ല. ഒരുനാൾ പുലർച്ചയ്ക്ക് ദൈവം എനിക്കൊരു ബോധം തരികയായിരുന്നു. അന്നു ഞാൻ കുടി നിർത്തി. കറുപ്പും നിർത്തി. മൂന്നാം ദിവസം വയറു പൊകച്ചിൽ, വിറയൽ, മൂക്കൊലിപ്പ്, വയറിളക്കം, ഛർദ്ദി തുടങ്ങി എല്ലാ തരം അസ്വസ്ഥതകളും. ഭാര്യ ഡോക്ടറെ കൂട്ടിക്കൊണ്ടു വന്നു. പെട്ടെന്നു നിർത്തിയതിന്റെ കുഴപ്പമാണ്. പതുക്കെപ്പതുക്കെയേ നിർത്താവൂ. മരിച്ചുപോകും. പെട്ടെന്ന് ഇത്തിരി മദ്യം വാങ്ങിക്കൊടുക്കണം എന്ന് ഉപദേശിച്ചു. എന്റെ കുടി നിന്നുകാണായി നേർച്ചയുമായി നടന്ന ഭാര്യ ചില്ലിക്കാശു പെറുക്കി പാത്രവും കൊടുത്ത് കള്ളുവാങ്ങാൻ ആളെ പറഞ്ഞയക്കുന്നതു സങ്കൽപിക്കാനാകുമോ? അത്ര ദയനീയമായിരുന്നു എന്റെ സ്ഥിതി. പ്രധാനപ്പെട്ട കാര്യം അതൊന്നുമല്ല. 'ഇപ്പോൾ നീ മദ്യം തന്നാൽ വേണ്ട എന്നു പറയാനും തടയാനും എനിക്കു പറ്റും. പക്ഷേ, എന്റെ കൈ തളരുകയും ബോധം മറയുകയും ചെയ്താലും നീ അതെന്റെ ചുണ്ടിൽ തേക്കരുത്' എന്നു പറയാനും ആ നിലപാടിൽ ഉറച്ചുനിൽക്കാനും എനി



(c) https://welikeindianmuslims.blogspot.in



ഫോട്ടോ: കെ.ടി ബേബിജോർജ്

ക്കു കരുത്തുതന്നതാരാണ്? അവനാണെന്റെ ദൈവം. അതിനു ഞാൻ ചെയ്തതെന്താണ്? നൻമയുടെ പാട്ടുകൾ പാടുക മാത്രം.

**?** *ഒരു പാട്ടുകാരനായി തീരണം എന്നത് മൂസക്കയുടെ വാശിയായിരുന്നു. ഗ്രാമഫോൺ തൊടാനനുവദിക്കാതിരുന്ന ബന്ധുവിനോടുള്ള പ്രതികരണത്തിൽ അതുണ്ട്. പാട്ടുകാരനായി തീരാനുള്ള സിദ്ധി മൂസക്കാക്കുണ്ടായിരുന്നു താനും. അവിശ്വസനീയമായ തോതിൽ ജാതിമതാതീതമായ പിന്തുണയും സാഹചര്യങ്ങളും വഴികളിൽ കാത്തിരുന്നു. കൊതിച്ചതിനേക്കാൾ ഉയരമുള്ള പാട്ടുകാരനായി. പാട്ടുകൊണ്ടു മാത്രം ജീവിച്ചു. പേരും പെരുമയുമായി. പുറത്തുനിർത്തി അടച്ചുവെച്ച വാതിലുകളൊക്കെ സംഗീതം കൊണ്ടു തുറന്നു. ഈ നിലയിൽ നിന്ന് സ്വന്തം ജീവിതത്തിലേക്കു തിരിഞ്ഞുനോക്കുമ്പോൾ എന്തു തോന്നുന്നു*

ഞാനെങ്ങനെയാ പാട്ടുകാരനായത്! എന്റെ പാരമ്പര്യത്തിൽ പാട്ടുകാരായി ആരുമുണ്ടായിരുന്നില്ല. മീൻമാർക്കറ്റിലെ ദാരിദ്ര്യം പിടിച്ച ഒരു ദല്ലാളായിരുന്നു പിതാവ്. പട്ടിണിയുടെ കൂടായിരുന്നു ഉ

**നന്നാക്കാനുള്ള എല്ലാ ശ്രമങ്ങളെയും തകർത്തുകളഞ്ഞ ദീർഘകാലത്തെ മദ്യപാനത്തോടു ഞാൻ വിടപറയുന്നതു വല്ലാത്തൊരു അനുഭവമാണ്. ആരുടെയും പ്രേരണയുണ്ടായിരുന്നില്ല. ഒരുനാൾ പുലർച്ചയ്ക്ക് ദൈവം എനിക്കൊരു ബോധം തരികയായിരുന്നു. അന്നു ഞാൻ കുടി നിർത്തി. കറുപ്പും നിർത്തി.**

മ്മ. ദാരിദ്ര്യമാണെനിക്കു പാരമ്പര്യമായി കിട്ടിയത്, പാട്ടല്ല. പാട്ട് പടച്ചോൻ എനിക്കു തന്നതാണ്. ഇക്കാലമത്രയും ഞാൻ പാടിക്കൊണ്ടിരിക്കുകയായിരുന്നു. നൻമയുടെ പാട്ടുകൾ. ഞാൻ പറഞ്ഞില്ലേ എന്നോടു വലിയ ഇഷ്ടാ പടച്ചോന്. ഞാൻ കളിച്ച കുരുത്തക്കേടിന്റെ കണക്കുനോക്കിയാൽ ദുനിയാവിൽ നിന്നുതന്നെ കരിഞ്ഞുപോകേണ്ടതാണ്. അതിൽ നിന്നെല്ലാം അവനെന്നെ കാത്തു. കാര്യമായ അസുഖങ്ങൾ പോലുമില്ല. നന്നായി പാടാൻ കഴിയുന്നുണ്ട്. ശ്വാസം നല്ലപോലെ കിട്ടുന്നുണ്ട്. ഇരുപതു കൊല്ലം മുമ്പു പാടിയതുപോലെ പാടാൻ പറ്റുന്നുണ്ട്. പ്രായത്തിന്റെ കിതപ്പുപോലും പാട്ടിനെ ബാധിച്ചിട്ടില്ല. ഇതൊക്കെ നല്ലപാട്ടുകൾ പാടാൻ വേണ്ടി അവൻ ചെയ്ത അനുഗ്രഹമാണ്. നൻമയുടെ പാട്ടുകൾ പാടിക്കൊണ്ടിരിക്കണം. അല്ലാതെ ഞാനെന്തിനാ ജനിച്ചത്. പാടിത്തന്നെ ഇനിയും ജീവിക്കണം. നല്ല പാട്ടു പാടിക്കൊണ്ടിരിക്കെ മരിക്കണം. അങ്ങനെ പടച്ചോനെക്കൊള്ളെ പോകണം. ഇതാണെന്റെ മോഹം.